# സുന്ദര ബാല്യം സുരക്ഷിത കേരളം



KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

കേരള സംസ്ഥാന
ബാലാവകാശ സംരക്ഷണ
കമ്മീഷൻ 2020–2023





**വീണ ജോർജ്**
ആരോഗ്യ, വനിത–ശിശുവികസന വകുപ്പ് മന്ത്രി

# സുന്ദര ബാല്യം
# സുരക്ഷിത കേരളം

കേരള സംസ്ഥാന ബാലാവകാശ
സംരക്ഷണ കമ്മീഷൻ 2020–2023

ചീഫ് എഡിറ്റർ
ശ്രീമതി മിനി ഭാസ്കർ.എസ്
രജിസ്ട്രാർ

എഡിറ്റർ
ശ്രീ. പി. ശ്യാംകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ

മാറ്റർ തയ്യാറാക്കിയത്
ശ്രീ. ആൽഫ്രഡ്.ജെ.ജോർജ്
സീനിയർ ടെക്നിക്കൽ ഓഫീസർ
ജെ.ജെ.സെൽ

ശ്രീമതി ദേവി പി.ബാലൻ
കേസ് വർക്കർ, പോക്സോ സെൽ

ഡിസൈൻ & ലേഔട്ട്
രതീഷ് കുമാർ ആർ
digiCROW Designs

ടൈപ്പ് സെറ്റിങ്
അരുൺ.എം.വി

അച്ചടി
അക്ഷര ഓഫ്സെറ്റ്


പ്രിന്റ് ആന്റ് പബ്ലിഷർ
കേരള സംസ്ഥാന ബാലാവകാശ
സംരക്ഷണ കമ്മിഷൻ

2023 ജൂലൈ

കോപ്പികൾ: 200

സൗജന്യ വിതരണത്തിന്

കേരള സംസ്ഥാന
ബാലാവകാശ സംരക്ഷണ കമ്മിഷൻ
റ്റി. സി 14/2036, വാൻറോസ് ജംഗ്ഷൻ
കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം-695 034
ഫോൺ: 0471 2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in
വെബ്സൈറ്റ്: www.kescpcr.kerala.gov.in


അഡ്വ. കെ വി മനോജ്കുമാർ
ചെയർപേഴ്സൺ
2020 ജൂൺ 29 - 2023 ജൂൺ 27


ഫാ. ഫിലിപ്പ് പി വി
അംഗം
2019 ഏപ്രിൽ 5 - 2022 ഏപ്രിൽ 4


കെ നസീർ
അംഗം
2019 ഏപ്രിൽ 5 - 2022 ഏപ്രിൽ 4


ശ്യാമളാദേവി പി പി
അംഗം
2020 ആഗസ്റ്റ് 12 മുതൽ


സി വിജയകുമാർ
അംഗം
2020 ആഗസ്റ്റ് 12 മുതൽ



റെനി ആന്റണി
അംഗം
2020 ആഗസ്റ്റ് 12 മുതൽ


ബബിത ബി
അംഗം
2020 ആഗസ്റ്റ് 12 മുതൽ


എൻ സുനന്ദ
അംഗം
2022 ആഗസ്റ്റ് 25 മുതൽ


ജലജമോൾ റ്റി സി
അംഗം
2022 ആഗസ്റ്റ് 25 മുതൽ


അനിത ദാമോദരൻ
സെക്രട്ടറി
31.05.22 വരെ


ജയശ്രീ റ്റി കെ
സെക്രട്ടറി
8.7.2022 മുതൽ



# ഉള്ളടക്കം


മുഖക്കുറിപ്പ് ........ 8
ചുമതലകളും അധികാരങ്ങളും ........ 10
അന്വേഷണങ്ങൾക്ക് ശേഷമുള്ള കമ്മീഷന്റെ ഉത്തരവുകൾ ........ 12
സന്ദർശനങ്ങൾ ........ 14
സോഷ്യൽ ഓഡിറ്റ് പഠന റിപ്പോർട്ട് ........ 24
സർക്കാരിന് സമർപ്പിച്ച പ്രത്യേക റിപ്പോർട്ടും ശുപാർശകളും ........ 25
ഓൺലൈൻ പരാതി സംവിധാനം ........ 26
നവീകരിച്ച വെബ്സൈറ്റ് ........ 27
ബാല സൗഹൃദ കേരളം ........ 28
സംസ്ഥാനതല ദ്വിദിന പരിശീലന ക്യാമ്പ് ........ 34
ബാലനീതി നിയമം കൈപ്പുസ്തകം ........ 35
കുട്ടികൾക്കായുള്ള പദ്ധതികൾ/സ്കോളർഷിപ്പുകൾ ........ 35
നിയമസഭാ മണ്ഡലങ്ങളിൽ ബോധവത്കരണ സെമിനാർ ........ 36
ശിശുദിന വാരം ആഘോഷം ........ 40
കോവിഡ് മൂന്നാം തരംഗം-അവലോകന യോഗം ........ 44
കുട്ടികൾക്കിടയിലെ ലഹരി-പ്രത്യേക യോഗം ........ 45
പോലീസ് നിർവ്വാഹകരുടെ യോഗം ........ 46
കാണാതാകുന്ന കുട്ടികളെ കണ്ടെത്തൽ:
വകുപ്പ് മേധാവികളുടെ യോഗം ........ 47
ദത്തെടുക്കൽ പ്രക്രിയ-വകുപ്പു മേധാവികളുടെ യോഗം ........ 48
ഫെസ്റ്റ് ഓഫ് ഹാപ്പിനസ് 2022 ........ 50
ബാലവേല വിമുക്ത കേരളം ........ 57
ബാലവിവാഹ വിമുക്ത കേരളം ........ 58
ബാലവേലയും ബാലവിവാഹവും ഇല്ലാതാക്കാൻ
കർത്തവ്യവാഹകരുടെ യോഗം ........ 59







കുട്ടികളുടെ സൈബർ സുരക്ഷ, ബോധവത്കരണ പരിപാടി ........ 60
ഓൺലൈൻ പഠനം ........ 61
ശിശു സംരക്ഷണ സ്ഥാപനാധികാരികൾക്ക് പരിശീലനം ........ 62
വിദ്യാഭ്യാസ അവകാശം-കരുതൽ 2022 ........ 66
കർത്തവ്യവാഹകരുടെ യോഗം ........ 70
സംസ്ഥാനതല കർത്തവ്യ വാഹകരുടെ യോഗം ........ 71
അധ്യാപകർക്ക് പരിശീലനം ........ 72
ബാലാവകാശ സംരക്ഷണ നിയമങ്ങൾ
അധ്യാപക പരിശീലന പാഠ്യപദ്ധതിയിൽ ........ 73
അങ്കണവാടികൾ മികവിന്റെ കേന്ദ്രം ........ 74
പോക്സോ-സംസ്ഥാനതല കൂടിയാലോചനാ യോഗം ........ 75
പോക്സോ ജില്ലാതല നിരീക്ഷണ കമ്മറ്റി ........ 76
പോക്സോ കേസുകളുടെ വിവരശേഖരണവും
പ്രൊഫോർമയുടെ ഭേദഗതിയും ........ 77
പോക്സോ കേസുകളുടെ വിവരശേഖരണം ........ 78
ആശ്വാസനിധി ........ 81
വനിതാ-ശിശു സംരക്ഷണ സ്ഥാപന
അധികാരികളുടെ യോഗം ........ 82
പ്രതികൂല സാഹചര്യങ്ങൾ നേരിടാൻ
കുട്ടികൾക്ക്പരിശീലനം ........ 83
ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക്
പ്രോസിക്യൂട്ടർമാർക്കും ഏകദിന പരിശീലനം ........ 84
പോക്സോ കൈപ്പുസ്തകം ........ 85
2020-23ൽ കമ്മീഷൻ പുറപ്പെടുവിച്ച
പ്രധാന ഉത്തരവുകൾ ........ 86

# മുഖക്കുറിപ്പ്

കോവിഡ്19 മഹാമാരി ലോകമാകെ പടർന്നുപിടിക്കുകയും സാമൂഹ്യ ജീവിയായ മനുഷ്യന് അവന്റെ ജീവിതത്തെ നാല് ചുമരുകൾക്കുള്ളിലേക്ക് ഒതുക്കേണ്ടിവരികയും ചെയ്ത കാലഘട്ടത്തിലാണ് ഈ കമ്മീഷൻ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. കോവിഡ് നിയന്ത്രണങ്ങൾക്ക് വിധേയമായി അതിന്റെ ചട്ടകൂടുകൾക്കകത്ത് നിന്നുകൊണ്ട് കഴിയാവുന്നത്ര പ്രവർത്തനങ്ങൾ ഈ കമ്മീഷൻ നടത്തിയിട്ടുണ്ട്.

നമുക്കൊരു സ്വപ്നമുണ്ട്, ആകാശത്തിലെ നക്ഷത്രങ്ങളെ പോലെ തിളങ്ങി നിൽക്കു കയും പൂന്തോട്ടത്തിലെ പൂക്കളെ പോലെ ആകർഷകവും സുന്ദരവുമായ ഒരു ബാല്യം നമ്മുടെ കുട്ടികൾക്ക് നൽകുവാൻ കഴിയുക എന്നുള്ളതാണ്. നക്ഷത്രങ്ങളുടെ പ്രകാശം മറഞ്ഞു പോകാതിരിക്കുവാനും സുന്ദരമായ പൂക്കൾ പൊലിഞ്ഞ് പോകാതിരിക്കുവാനും നമുക്ക് പ്രത്യേകമായ ഒരു പദ്ധതിയും ശാസ്ത്രത്തെ മറികടന്നു കൊണ്ട് ചെയ്യാൻ കഴിയില്ല. എന്നാൽ സുന്ദരവും സുരക്ഷിതവുമായ ഒരു ബാല്യം നമ്മുടെ കുട്ടികൾക്ക് നൽകാൻ നാം ഒത്തൊരുമിച്ച് നിന്നാൽ സാധിക്കും. കേരളം ഇതുവരെ ആർജ്ജിച്ചിട്ടുള്ള നിരവധി ഗുണമേന്മാ സംവിധാനങ്ങൾ ആഗോളതലത്തിൽ തന്നെ നമുക്ക് പേരും പെരുമയും നേടിതന്നിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കാനും പോഷകഗുണങ്ങളടങ്ങിയ ആഹാരം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും ആരോഗ്യമുള്ള കുഞ്ഞുങ്ങൾ പിറവിയെടുക്കുന്നതിനും ആവശ്യമായ നിരവധി നൂതന പദ്ധതികൾ കേരളം നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളെ കൂടുതലായി പരിഗണിക്കുകയും, അവരുടെ കാഴ്ചപ്പാടുകൾക്ക് അംഗീകാരം നൽകുകയും അവരിൽ ശാസ്ത്രബോധം സൃഷ്ടിക്കുകയും ചെയ്യുന്നതിനാവശ്യമായ സാഹചര്യങ്ങൾ നമ്മുടെ സർക്കാർ ഒരുക്കിയിട്ടുണ്ട്. കുടുംബങ്ങളിൽ കുട്ടികളെ സ്നേഹത്തോടെ ചേർത്ത് പിടിക്കാനും ആഹ്ലാദകരമായ ഒരു ജീവിതം അവർക്ക് നൽകാനും ശ്രമിക്കുന്ന നിരവധി രക്ഷിതാക്കളെ നമുക്ക് കാണാൻ കഴിയും. എന്നാൽ അങ്ങനെയല്ലാത്തവരെയും സമൂഹത്തിൽ കാണാൻ കഴിയും. കുട്ടികൾ നമ്മുടെ രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണെന്ന് കണ്ട് സംസ്ഥാന സർക്കാർ അവർക്ക് വേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് കൊണ്ടിരിക്കുകയാണ്. ഈ പാതയിൽ നമ്മുടെ സമൂഹമാകെ ഒറ്റക്കെട്ടായി സഞ്ചരിക്കേണ്ടതുണ്ട് എന്നാണ് ഞങ്ങൾ കരുതുന്നത്.

പക്ഷേ കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുകയും ലഹരിയുടെ മാസ്മരിക വലയത്തിലേക്ക് അവരെ എത്തിക്കുന്നതിനും ലഹരി കടത്തിന് കുട്ടികളെ ഉപയോഗിക്കുകയും ചെയ്യുന്ന നിരവധി പ്രശ്നങ്ങൾ കേരളീയ സമൂഹം ഈ സമീപകാലത്തായി നേരിടേണ്ടിവരുന്നു. ഈ സാഹചര്യത്തിൽ ബാലാവകാശ കമ്മീഷന്റെ ഉത്തരവാദിത്വം വളരെ വലുതാണ്. 'സുരക്ഷിത ഭവനം സുന്ദര ബാല്യം' എന്ന മുദ്രാവാക്യമുയർത്തികൊണ്ട് എല്ലാ വീടുകളിലും കുട്ടികളെ സ്നേഹിക്കുന്ന, കുട്ടികളെ ചേർത്തുനിർത്തുന്ന, പാരസ്പര്യത്തോടും സഹിഷ്ണുതയോടും സാമൂഹ്യജീവിതം നയിക്കുന്ന രക്ഷിതാക്കളെ സൃഷ്ടിക്കുക എന്നതാണ് കമ്മീഷൻ മുന്നോട്ട് വയ്ക്കുന്ന നൂതനമായ പദ്ധതി. ഇത് ഭാവി കേരളത്തിലേക്കുള്ള ഒരു ദിശാ സൂചകമാണ്.





ബാലാവകാശങ്ങൾ സംരക്ഷിക്കുക, കുട്ടികളെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് സംരക്ഷിക്കുക, മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയിൽ നിന്ന് മോചിപ്പിക്കുക, ബാലവേല, ഭിക്ഷാടനം എന്നിവ തടയുക, ബാലവിവാഹം ഇല്ലാതാക്കുക, കുട്ടികളുടെ ആത്മഹത്യകൾ ഇല്ലാതാക്കുക, ലിംഗസമത്വവും പോഷകാഹാരവും ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി സമൂഹത്തെ ബോധവൽകരിക്കുക എന്ന കാഴ്ചപ്പാടോട് കൂടിയാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 'അവകാശാധിഷ്ഠിത ബാലസൗഹൃദ കേരളം' എന്ന ബൃഹത്തായ പ്രചാര പരിപാടിക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത്-വാർഡുതല ബോധവൽകരണവും ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണവും പരിശീലനവും ലക്ഷ്യമിട്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്-പഞ്ചായത്ത്തലത്തിലും മൂന്ന് ഘട്ടങ്ങളിലായി പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്തുകളിലും നാലാം ഘട്ടമായി 150 ബ്ലോക്ക്-പഞ്ചായത്തുകളിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ഏഴ് നിയോജക മണ്ഡലങ്ങൾ ബാലസൗഹൃദമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു. പോക്സോ നിയമം, ബാലനീതി നിയമം, വിദ്യാഭ്യാസാവകാശ നിയമം എന്നിവയുടെ നിരീക്ഷണ ചുമതലയുള്ള കമ്മീഷൻ ഈ മേഖലയിലുള്ള കർത്തവ്യവാഹകരുടെ കൂടിയാലോചനാ യോഗങ്ങൾ സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ അധ്യാപകർക്കും, പ്രോസിക്യൂട്ടർമാർക്കും, ഡോക്ടർമാർക്കും, ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പ്രത്യേക പരിശീലനവും നൽകുകയുണ്ടായി.

കുട്ടികളെ ലഹരി പദാർത്ഥങ്ങളിൽ നിന്ന് അകറ്റുന്നതിനും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ദത്തെടുക്കൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനും, ശിശുസംരക്ഷണ സ്ഥാപനങ്ങൾ ബാലസൗഹൃദമാക്കുന്നതിനും, പോക്സോ നിയമത്തിന്റെ നിരീക്ഷണം കൃത്യമായി നടപ്പാക്കുന്നതിനും ഉൾപ്പെടെ 14 പ്രത്യേക റിപ്പോർട്ടുകളും ശുപാർശകളും ഈ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു. പരാതികളിന്മേൽ വേഗത്തിൽ പരിഹാരം കാണുന്നതിന് കമ്മീഷനിൽ ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കി. കുട്ടികളുടെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷന്റെ മുൻപിൽ വന്ന 5886 കേസുകൾ ഇതിനകം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ബാലാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് നാലാം കമ്മീഷൻ നടത്തിയ നിരവധി പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ സമൂഹശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചത്.

അഡ്വ.കെ. വി. മനോജ്കുമാർ
ചെയർപേഴ്സൺ
കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

# ചുമതലകളും അധികാരങ്ങളും



2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ. ആക്റ്റ്) നടപ്പാക്കൽ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവാദിത്തമാണ്. കൂടാതെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ.ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നിവ നിരീക്ഷിക്കുന്നതിനുള്ള ചുമതല കമ്മീഷനിൽ നിക്ഷിപ്തമാണ്.

സി.പി.സി.ആർ ആക്റ്റ് 2005-ലെ വകുപ്പ് 14 പ്രകാരം, കമ്മീഷൻ ഏതെങ്കിലും സംഗതികളിൽ അന്വേഷണ വിചാരണ നടത്തുമ്പോൾ, 1908-ലെ സിവിൽ നടപടിക്രമങ്ങൾ അനുസരിച്ച് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ബാലാവകാശ കമ്മീഷനുണ്ട്.

2005-ലെ സി.പി.സി.ആർ. ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.

കമ്മീഷന് യുക്തമെന്ന് കരുതുന്നപക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക.

ബാലാവകാശലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക.

ഭീകരപ്രവർത്തനം, വർഗ്ഗീയകലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി/എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ഭേദ്യം ചെയ്യലും ചൂഷണവും, അശ്ലീലസാഹിത്യം, ലൈംഗികചൂഷണം എന്നിവ മൂലം കുട്ടികളുടെ വകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിച്ച് ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുക.

ദുരിതം അനുഭവിക്കുന്നതും പാർശ്വവത്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേത് ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുത്ത് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.

സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശുപാർശകൾ നടത്തുക.

ബാലാവകാശമേഖലയിൽ ഗവേഷണം നടത്തുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുക.

സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ബാലസംരക്ഷണ മന്ദിരമോ മറ്റ് താമസസ്ഥലമോ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്നു കാണുന്നപക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി സ്വീകരിക്കുക.

ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശകരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തലും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്ക് എടുക്കുകയും ചെയ്യുക.



# അന്വേഷണങ്ങൾക്ക് ശേഷമുള്ള കമ്മീഷന്റെ ഉത്തരവുകൾ

ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം അന്വേഷണ വിചാരണയ്ക്കുശേഷം നടപടികൾക്ക് ശുപാർശ ചെയ്യുന്നതിന് കമ്മീഷന് അധികാരമുണ്ട്.

ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണവിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ മറ്റ് അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യാം.

നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിയെയോ ഹൈക്കോടതിയെയോ സമീപിക്കാം.

അതിക്രമം നേരിടേണ്ടിവന്ന കുട്ടിയ്ക്കോ കുടുംബാംഗങ്ങൾക്കോ ഇടക്കാല ആശ്വാസം നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യാം.

## സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2020-23, കൈകാര്യം ചെയ്ത കേസുകൾ

ലഭിച്ച പരാതികൾ **6786**

സ്വമേധയാ എടുത്ത കേസുകൾ **290**

പഴയ കേസുകൾ (2020ന് മുമ്പുള്ളത്) **677**

ആകെ കേസുകൾ **7753**

തീർപ്പാക്കിയ ആകെ കേസുകൾ **5886**



# സന്ദർശനങ്ങൾ



കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2020 ഓഗസ്റ്റ് 22ന് പെട്ടിമുടിയിലെ ദുരന്തഭൂമി സന്ദർശിച്ചു. കമ്മീഷൻ ഉരുൾപൊട്ടലുണ്ടായ മേഖലയിലെ സ്ഥിതിഗതികൾ വിലയിരുത്തി. ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തി അവരുടെ ഭാവി സംരക്ഷിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തി. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസമുൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പുവരുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം കൃത്യമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.



കേരളത്തിലെ ആദിവാസി മേഖലയിലെ കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ബാലവിവാഹം, ബാലവേല, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, സ്കൂളുകളിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്ക് തുടങ്ങിയ പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കുന്നതിന് കമ്മീഷന്റെ ഇടപെടൽ ഗുണം ചെയ്തിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ അവകാശം, ആരോഗ്യം, സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ ആദിവാസി ഊരുകളിൽ കമ്മീഷൻ സന്ദർശനം നടത്തി.

തിരുവനന്തപുരത്തെ കോട്ടൂർ, കണ്ണൂരിലെ ആറളം ഫാം, പാലക്കാട്ടെ പറമ്പിക്കുളം, അട്ടപ്പാടി, മീനാക്ഷിപുരം, അഗളി, മലപ്പുറത്തെ നിലമ്പൂർ, വെറ്റിലകൊല്ലി, സുപ്രിക്കാട് കോളനികൾ, അങ്കണവാടികൾ, കോഴിക്കോട്ടെ കേളാട്ടുകുന്ന്, കാസർഗോഡ് മൈക്കിടി കമ്മീഷൻ സന്ദർശിച്ചു.





ഇടുക്കിയിലെ ഇടമലക്കുടിയിൽ 2023 ഫെബ്രുവരി 27, 28 തീയതികളിൽ സന്ദർശനം നടത്തി. അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാക്കുകയും, കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനും രക്ഷാകർത്താക്കളുമായി സംവദിക്കുന്നതിനുമാണ് കമ്മീഷൻ സന്ദർശനം നടത്തിയത്.




വണ്ടിപ്പെരിയാറിൽ കുട്ടിയുടെ മരണം, ലയങ്ങളിലെ സന്ദർശനം എന്നിവയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ ടാസ്ക് ഫോഴ്സ് യോഗം കൂടുകയും തുടർ നടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.



## ആദിവാസി ഊരുകളിൽ

**കുട്ടികളുടെ വിദ്യാഭ്യാസ അവകാശം, ആരോഗ്യം, സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ട് വിവിധ ആദിവാസി ഊരുകളിൽ കമ്മീഷൻ സന്ദർശനം നടത്തി.**





**ഇടലിപ്പാറകുടിയിലെ ഏകാധ്യാപക വിദ്യാലയം, സൊസൈറ്റിക്കുടിയിലെ സർക്കാർ എൽ.പി. സ്കൂൾ എന്നിവ കമ്മീഷൻ സന്ദർശിച്ചു.**

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി കുറ്റകൃത്യങ്ങൾ നേരിടുന്ന കുട്ടികൾക്ക് പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് റിപ്പോർട്ട് ചെയ്യപ്പെട്ട കേസിൽ, നേപ്പാൾ സ്വദേശിയെ കമ്മീഷൻ സന്ദർശിച്ചു.

പാലക്കാട് മോയൻ സ്കൂൾ ഡിജിറ്റലൈസേഷൻ,സർക്കാർ ഫണ്ട് വിനിയോഗം സംബന്ധിച്ച സുതാര്യത ഉറപ്പാക്കുന്നതിന് സ്കൂൾ സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു. പാലക്കാട് ശിശു സംരക്ഷണ സ്ഥാപനം സന്ദർശിച്ച് അടിയന്തര അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ നിർദ്ദേശിച്ചു. കാഞ്ഞിരപ്പുഴ പൂഞ്ചോല എൽ.പി.സ്കൂൾ സന്ദർശിച്ചു.

കാസർഗോഡ് ഉടുമ്പുന്തല അംഗൻവാടി കെട്ടിടം നിർമ്മിച്ച് ഒരു വർഷത്തിനകം തകർന്ന സംഭവം-കമ്മീഷൻ സ്ഥലം സന്ദർശിച്ച് തുടർ നടപടികൾ നിർദ്ദേശിച്ചു. കുണ്ടക്കുഴിയിൽ അഞ്ചു വയസുകാരന് നിയമ പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചു.

ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ 2022 ൽ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഇടലിപ്പാറയിലെ അംങ്കണവാടി കമ്മീഷൻ സന്ദർശിച്ചു. അങ്കണവാടിയിൽ 15 കുട്ടികളാണ് പഠിക്കുന്നത്. ഇടലിപ്പാറകുടിയിലെ ഏകാധ്യാപക വിദ്യാലയം, സൊസൈറ്റിക്കുടിയിലെ സർക്കാർ എൽ.പി.എസ് സ്കൂൾ എന്നിവ കമ്മീഷൻ സന്ദർശിച്ചു.

ട്രൈബൽ വകുപ്പിന് കീഴിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ കമ്മീഷൻ സന്ദർശിച്ചു. ഗ്രാമപഞ്ചായത്തിന്റെ പകൽവീട് എന്ന പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടമാണ് ആൺകുട്ടികളുടെ ഹോസ്റ്റലായി പ്രവർത്തിക്കുന്നത്. കുട്ടികളുടെ വിദ്യാഭ്യാസവും, സുരക്ഷയും കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചാണോ എന്ന് കമ്മീഷൻ പരിശോധിച്ചു.

തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ആദിവാസി ഊരുകളായ മണ്ണാംകോണം, ചോനാമ്പാറ, മാങ്കോട്, പൊടിയം, വാലിപ്പാറ മോഡൽ റസിഡൻഷ്യൻ സ്കൂളിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം എന്നിവ





കമ്മീഷൻ സന്ദർശിച്ചു. മുതലമട, മുണ്ടിപതി, ചപ്പക്കാട് അങ്കണവാടികളിലെ അടിസ്ഥാന സൗകര്യം എന്നിവ കമ്മീഷൻ വിലയിരുത്തി.

കണ്ണൂരിൽ അധ്യാപകൻ ലൈംഗീകാതിക്രമം നടത്തിയ കേസിലെ കുട്ടിയെ കമ്മീഷൻ നേരിൽ കാണുകയും സ്കൂൾ സന്ദർശിക്കുകയും ചെയ്തു. പെരളശ്ശേരിയിൽ 8-ാം ക്ലാസുകാരിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് കുട്ടിയുടെ വീടും സ്കൂളും കമ്മീഷൻ സന്ദർശിച്ചു

കണ്ണൂർ മുഴുപ്പിലങ്ങാടിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട നിഹാൽ എന്ന കുട്ടി 2023 ൽ തെരുവുനായയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെതുടർന്ന് കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ കുട്ടിയുടെ വീട് സന്ദർശിച്ചു. തെരുവുനായ്ക്കളെ കൊല്ലുന്നതിനെതിരെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി ആക്രമണകാരികളായവയെ കൊല്ലുന്നതിനുള്ള അനുമതിയ്ക്കായി ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സിൽ കമ്മിഷനും കക്ഷി ചേരാൻ തീരുമാനിച്ചു.

ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടിയിൽ കമ്മീഷൻ രണ്ടാംഘട്ട സന്ദർശനം നടത്തി. പ്രശ്ന പരിഹാരത്തിന് ടാസ്ക് ഫോഴ്സിന് രൂപം നൽകി. ശിശുമരണം, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തുടങ്ങി എല്ലാ പ്രശ്നങ്ങളും ടാസ്ക് ഫോഴ്സിന്റെ നിരീക്ഷണ പരിധിയിൽ ഉൾപ്പെടുത്തി.

വയനാട് മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഗോവിന്ദൻപാറ പട്ടികവർഗ കോളനി സന്ദർശിച്ചു. കുട്ടികളുടെ ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് കമ്മീഷൻ സന്ദർശനം നടത്തിയത്.






തിരുവനന്തപുരത്തെ പുന്നയ്ക്കാമുകൾ, മുടവൻമുകൾ എന്നീ എസ്. ഒ. എസ്. സ്ഥാപനങ്ങളും, ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്ററും സന്ദർശിച്ചു. കിളിമാനൂരിൽ പിങ്ക് പോലീസ് കുട്ടിയെ മോഷ്ടാവായി ചിത്രീകരിക്കുകയും തടഞ്ഞുവയ്ക്കുകയും ചെയ്ത സംഭവത്തിൽ കമ്മീഷൻ കുട്ടിയെ സന്ദർശിക്കുകയും വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർനടപടി നിർദ്ദേശിക്കുകയും ചെയ്തു. സർക്കാർ യു.പി. സ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിച്ചിരുന്ന പേട്ട വില്ലേജ് ഓഫീസ് കമ്മീഷൻ ഇടപെട്ട് മാറ്റി.

ആലപ്പുഴയിൽ രക്ഷിതാവിന്റെ ക്രൂരമർദ്ദനത്തിനിരയായ കുട്ടിയെ വണ്ടാനം മെഡിക്കൽ കോളേജിൽ സന്ദർശിച്ചു.

കുട്ടിയെ അമ്മയുടെ സുഹൃത്ത് ക്രൂരമായി ശാരീരിക ഉപദ്രവമേൽപ്പിച്ചു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കോഴഞ്ചേരി മെഡിക്കൽ കോളേജിൽ കമ്മീഷൻ കുട്ടിയെ സന്ദർശിച്ചു.

## വിലയിരുത്തി

**മുതലമട, മുണ്ടിപതി, ചപ്പക്കാട് അങ്കണവാടികളിലെ അടിസ്ഥാന സൗകര്യം എന്നിവ കമ്മീഷൻ വിലയിരുത്തി.**





പൂപ്പാറയിൽ അന്യസംസ്ഥാനത്തെ പെൺകുട്ടി പീഡനത്തിനിരയായ സംഭവം കമ്മീഷൻ സന്ദർശനം നടത്തുകയും പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് നടപടികൾ വിലയിരുത്തുകയും ചെയ്തു.

ആതിരപ്പള്ളിയിൽ അച്ഛനോടൊപ്പം യാത്രചെയ്യുകയായിരുന്ന കുട്ടിയെ ആന ആക്രമിച്ചു കൊലപ്പെടുത്തിയ സംഭവം കുട്ടിയുടെ വീട് കമ്മീഷൻ സന്ദർശിച്ചു.

ആശുപത്രി അധികൃതരുടെ അനാസ്ഥ, കുട്ടിയുടെ കൈമുറിച്ചുമാറ്റേണ്ടിവന്നു എന്ന ആരോപണം -തലശ്ശേരിയിൽ കുട്ടിയെ സന്ദർശിച്ചു.

പത്തനംതിട്ടയിൽ രക്ഷിതാവ് ചട്ടുകം വച്ച് പൊള്ളിച്ച കുട്ടിയെ കോന്നി താലൂക്ക് ആശുപത്രിയിൽ സന്ദർശിച്ചു.

കണ്ണൂർ, വയനാട് ജില്ലകളിലെ എം.ആർ.എസ് സ്കൂളും കണ്ണൂരിലെ ഫിഷറീസ് സ്കൂളും സന്ദർശിച്ചു.





കോഴിക്കോട് ജാനകിക്കാട് പെൺകുട്ടിയെ കൂട്ട മാനഭംഗം ചെയ്തതുമായി ബന്ധപ്പെട്ട കേസിൽ കുട്ടിയുടെ വീട് സന്ദർശിച്ച കമ്മീഷൻ അന്വേഷണ ഉദ്യോഗസ്ഥരുമായി കേസിന്റെ പുരോഗതി വിലയിരുത്തി.

വണ്ടിപ്പെരിയാറിൽ കുട്ടിയുടെ മരണം, ലയങ്ങളിലെ സന്ദർശനം എന്നിവയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ ടാസ്ക് ഫോഴ്സ് യോഗം കൂടുകയും തുടർ നടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

കോഴിക്കോട് ഫറോക്കിൽ മാനഭംഗത്തിന് വിധേയയായ കുട്ടി ആത്മഹത്യചെയ്ത സംഭവം കുട്ടിയുടെ വീട് സന്ദർശിച്ചു.

കണ്ണൂരിൽ പെൺകുട്ടിയെ മയക്കുമരുന്നു നൽകി പീഡിപ്പിച്ചുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്കൂൾ സന്ദർശിക്കുകയും കർത്തവ്യവാഹകരുടെ പ്രത്യേക യോഗം ചേർന്ന് നടപടികൾ വിലയിരുത്തുകയും ചെയ്തു.

കോഴിക്കോട് കുട്ടിക്ക് മയക്കുമരുന്നു നൽകുകയും ക്യാരിയറായി ഉപയോഗിച്ചു എന്നുമുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ സ്കൂൾ സന്ദർശിക്കുകയും കർത്തവ്യവാഹകരുടെ പ്രത്യേക യോഗം ചേർന്ന് തുടർനടപടികൾ വിലയിരുത്തുകയും ചെയ്തു.

കോഴിക്കോട് ഹോമിൽ നിന്നും കുട്ടികൾ ചാടിപ്പോയത് സംബന്ധിച്ച അന്വേഷണത്തിന്റെ ഭാഗമായി കമ്മീഷൻ സ്ഥാപനം സന്ദർശിച്ചു.

തിരുവനന്തപുരം, ബാലരാമപുരത്തെ മതപഠന ശാലയിൽ കുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ സ്ഥാപനവും കുട്ടിയുടെ വീടും കമ്മീഷൻ സന്ദർശിച്ചു.

ബസ് അപകടം നടന്ന സ്ഥലത്തേക്ക് ഓടിയെത്തി, അപകടത്തിൽ പെട്ടവരുടെ ജീവൻ രക്ഷിച്ച പത്തനംതിട്ട കൈപ്പട്ടൂർ വി.എച്ച്.എസ്.എസ് സ്കൂളിലെ കുട്ടികളെ കമ്മീഷൻ സന്ദർശിച്ച് അനുമോദിച്ചു.

കോഴിക്കോട്-കൊയിലാണ്ടി ഗവൺമെന്റ് പ്രീപ്രൈമറി സ്കൂളിന്റെ അപകടാവസ്ഥ സംബന്ധിച്ച പരാതിയിൽ കമ്മീഷൻ സ്കൂൾ സന്ദർശിക്കുകയും കർത്തവ്യവാഹകരുടെ യോഗം ചേർന്ന് അടിയന്തര നടപടിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.



## സ്കൂളിന്റെ അപകടാവസ്ഥ

**കോഴിക്കോട്–കൊയിലാണ്ടി ഗവൺമെന്റ് പ്രീപ്രൈമറി സ്കൂളിന്റെ അപകടാവസ്ഥ സംബന്ധിച്ച പരാതിയിൽ കമ്മീഷൻ സ്കൂൾ സന്ദർശിക്കുകയും കർത്തവ്യവാഹകരുടെ യോഗം ചേർന്ന് അടിയന്തര നടപടിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.**





മലയാള മനോരമ

# ആദിവാസി മേഖലയിലെ കുട്ടികളെ കൈപിടിച്ചുയർത്താൻ ബാലാവകാശ കമ്മിഷൻ

### ചൈൽഡ് പ്രൊട്ടക്‌ഷൻ കമ്മിറ്റികൾ

### സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും

**മലപ്പുറം തഫ ബോയ്സ്, ഗേൾസ് ഹോമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനും വളാഞ്ചേരി വി.കെ.എം സ്പെഷ്യൽ സ്കൂൾ, താനൂർ ഫിഷറീസ് സ്കൂൾ എന്നിവിടങ്ങളിലെ വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിനും കമ്മീഷൻ സന്ദർശനം.**



തിരുവനന്തപുരത്തെ അഗസ്ത്യവനമേഖലയിലെ കുട്ടികൾക്ക് സ്കൂളിലെത്താനുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കമ്മീഷൻ സന്ദർശിക്കുകയും കുറ്റിച്ചൽ പഞ്ചായത്തിൽ പ്രത്യേക യോഗം ചേർന്ന് പ്രശ്ന പരിഹാരത്തിനായി ഇടപെടുകയും ചെയ്തു.

മലപ്പുറം, താനൂർ ബോട്ടപകടവുമായി ബന്ധപ്പെട്ട് കമ്മീഷൻ സന്ദർശനം നടത്തി. നിലമ്പൂർ ഐ.ജി.എം.ആർ.എസ്. സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സ്കൂൾ സന്ദർശിച്ചു.

പാലക്കാട് അട്ടപാടി എം.ആർ.എസ് സ്കൂൾ - സൗകര്യങ്ങളെ സംബന്ധിച്ച വിലയിരുത്തലുമായി ബന്ധപ്പെട്ട സന്ദർശനം നടത്തി. മലമ്പുഴ എം.ആർ.എസ് സ്കൂൾ - നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായുള്ള സന്ദർശനം.



ഏറ്റുമാനൂർ എം.ആർ.എസ് സ്കൂളിലെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായുള്ള സന്ദർശനം. എടത്തനാട്ടുകര സർക്കാർ ഓറിയന്റൽ ഹൈസ്കൂളിലെ നിലവിലെ സാഹചര്യം വിലയിരുത്തുന്നതിനായുള്ള സന്ദർശനം.

മലപ്പുറം തഫ ബോയ്സ്, ഗേൾസ് ഹോമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനും വളാഞ്ചേരി വി.കെ.എം സ്പെഷ്യൽ സ്കൂൾ, താനൂർ ഫിഷറീസ് സ്കൂൾ എന്നിവിടങ്ങളിലെ വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിനും കമ്മീഷൻ സന്ദർശനം.

കുട്ടികൾക്ക് നേരെ നടന്ന സദാചാര അക്രമവുമായി ബന്ധപ്പെട്ട് കരിമ്പ സ്കൂൾ സന്ദർശിച്ചു. ശിശു പരിപാലന കേന്ദ്രം (അഡോപ്ഷൻ സെന്റർ) മലപ്പുറം, മഅ്ദിൻ കുട്ടികളുടെ കേന്ദ്രം - അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി സന്ദർശിച്ചു.

അരീക്കോട്ടെ ആദിവാസി കോളനി, ബദൽ സ്കൂൾ, നെല്ലിയാമ്പതി സ്കൂൾ, ശിശു സംരക്ഷണ സ്ഥാപനം എന്നിവ സന്ദർശിച്ചു.

നിലമ്പൂർ പാണപ്പുഴ ആദിവാസി കോളനി, കല്പകബേദി ഗവൺമെന്റ് എൽ.പി സ്കൂൾ, ഇളന്നുവാൽ ഗവൺമെന്റ് എൽ.പി സ്കൂൾ, തിരുവാലി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മങ്കട വള്ളിക്കാട് സ്കൂൾ, നിലമ്പൂർ വെറ്റിലകൊല്ലി എന്നിവ സന്ദർശിച്ചു.



നിലമ്പൂർ ആദിവാസി ഊര്, മുണ്ടേരി കോളനി, ആലപ്പുഴ ചേർത്തല സ്കൂൾ, അതന്താവൂർ പള്ളി ദർബിലെ കുട്ടിയുടെ ആത്മഹത്യ -കമ്മീഷൻ സന്ദർശനം നടത്തി.

മലപ്പുറം പറപ്പൂർ അങ്കണവാടി, മഞ്ഞച്ചോല എൽ.പി.എസ്, വലിപ്പറവൂർ ജി.എൽ.പി, വാഴയൂർ സ്റ്റേഡിയം, ആർ.എം.എച്ച്.എസ്. മേലാറ്റൂർ എന്നിവ സന്ദർശിച്ചു.



കാസറഗോഡ് വൃന്ദാവൻ ശിശുമന്ദിരം, വനിത ശിശു സംരക്ഷണ സ്ഥാപനം എന്നിവ സന്ദർശിച്ചു. കമ്മാടി കോളനിയിലെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ 3 പെൺകുട്ടികളെ ബാലസംരക്ഷണ സ്ഥാപനങ്ങളിലേക്ക് മാറ്റി.

കോട്ടയം-തൃക്കൊടിത്താനം, മാടപ്പള്ളി വാകത്താനം പഞ്ചായത്തുകളിലെ കോളനികൾ, കാസറഗോഡ് മഞ്ചേശ്വരം അങ്കണവാടി എന്നിവ സന്ദർശിച്ചു.

കണ്ണൂർ കരിവെള്ളൂരിൽ ഭക്ഷ്യവിഷബാധ മൂലം മരണമടഞ്ഞ കുട്ടിയുടെ വീട് സന്ദർശിച്ചു.



കോട്ടയം വൈക്കം മുൻസിപ്പാലിറ്റിയിൽ അങ്കണവാടിയുടെ ചുമർ ഇടിഞ്ഞ് പരിക്കുപറ്റിയ കുട്ടിയെ മെഡിക്കൽ കോളേജിൽ സന്ദർശിച്ച കമ്മീഷൻ, സംഭവസ്ഥലവും മുൻസിപ്പാലിറ്റിയും സന്ദർശിച്ചു. അതിരംമ്പുഴ, പൊൻകുന്നം എന്നീ സ്ഥലങ്ങളിൽ വിവിധ പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സന്ദർശനം നടത്തി.

കാസറഗോഡ് നിലേശ്വരം രാജാസ്, പറപ്പ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ സന്ദർശിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.



തിരുവനന്തപുരം വലിയതുറ ദുരിതാശ്വാസ ക്യാമ്പ്, കോട്ടൺഹിൽ പ്രീപ്രൈമറി സ്കൂൾ കെട്ടിടം, തിരുമല ഹയർസെക്കന്ററി സ്കൂൾ എന്നിവ സന്ദർശിച്ചു. വട്ടിയൂർക്കാവ് ജി.എച്ച്.എസ്.എസിൽ ഭിന്നശേഷി കുട്ടിയെ അധ്യാപിക മർദ്ദിച്ച വിഷയവുമായി ബന്ധപ്പെട്ട് കമ്മീഷൻ സന്ദർശനം നടത്തി.

ആലപ്പുഴ ആശുപത്രിയിൽ ചപ്പുചവറുകൾക്കിടയിൽ കണ്ടെത്തിയ നവജാത ശിശുവിനെ ആശുപത്രിയിൽ സന്ദർശിച്ചു.

ആലപ്പുഴ ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, വുമൺ & ചിൽഡ്രൻസ് ഹോം എന്നിവിടങ്ങൾ കമ്മീഷൻ സന്ദർശനം നടത്തി.

ആലപ്പുഴ നൂറനാട് സർക്കാർ ചിൽഡ്രൻസ് ഹോമിലെ ജീവനക്കാരനെതിരായ പരാതിയുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തി. ചേർത്തല ശ്രീനാരായണ സ്കൂൾ സന്ദർശിച്ചു.

ആലപ്പുഴയിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്ഥാപനം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച പരാതിയിന്മേൽ ആലപ്പുഴ ഓഫീസ് സന്ദർശിക്കുകയും, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് പരിശീലനം നിർദ്ദേശിക്കുകയും ചെയ്തു.

## ബാലാവകാശ കമീഷൻ അംഗം സ്കൂളുകൾ സന്ദർശിച്ചു

മലപ്പുറം

കുട്ടികളുടെ വിദ്യാഭ്യാസ അവകാശം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ബാലാവകാശ കമീഷൻ അംഗം സി വിജയകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം സ്കൂളുകൾ പരിശോധിച്ചു. വിദ്യാർഥികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മയും സൗകര്യങ്ങളുമെല്ലാം സംഘം വിലയിരുത്തി. ഡിഡിഇ സി രമേശ്, നൂൺമീൽ ഓഫീസർ പി ദിനേശ് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

ജില്ലയിലെ സ്കൂളുകളിൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധന നടക്കുന്നുണ്ട്. രണ്ട് ദിവസങ്ങളിലായി നടത്തിയ പരിശോധനയിൽ 150ൽ അധികം സ്കൂളുകൾ സന്ദർശിച്ചു. കുട്ടികളുടെ പഠന സൗകര്യം, കൊഴിഞ്ഞുപോക്ക്, ഉച്ചഭക്ഷണം തയ്യാറാക്കുന്ന രീതി, ശുചിത്വം, കുടിവെള്ളത്തിന്റെ ലഭ്യത, ജീവനക്കാരുടെ ശുചിത്വം, ധാന്യങ്ങൾ സൂക്ഷിച്ച രീതി, ഭക്ഷണം തയ്യാറാക്കുന്ന രീതി, മാലിന്യ സംസ്കരണം, പാത്രങ്ങളുടെ ശുചിത്വം എന്നിവയെല്ലാം പരിശോധനയിൽ ഉൾപ്പെടും.

തൃപ്തികരമായ രീതിയിലാണ് ജില്ലയിലെ സ്കൂളുകളുടെ പ്രവർത്തനമെന്ന് കമീഷൻ അംഗം സി വിജയകുമാർ പറഞ്ഞു. വീട്ടിലെ ജീവിതസാഹചര്യംമൂലം പഠനം നിർത്തിയ തിരൂരിലെ സ്കൂൾ വിദ്യാർഥിയെ വീണ്ടും സ്കൂളിൽ പ്രവേശിപ്പിച്ചു. കുട്ടികൾക്ക് പഠിക്കാൻ ആവശ്യമായ സൗകര്യം ഒരുക്കാൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കമീഷൻ അംഗം പറഞ്ഞു. അപാകം കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് ഡിഡിഇ സി രമേശ് പറഞ്ഞു. മലപ്പുറം കോട്ടപ്പടി ഗവ. എൽപി സ്കൂളിൽ കുട്ടികൾക്കൊപ്പം ഉച്ചഭക്ഷണം കഴിച്ചതിനുശേഷമാണ് സംഘം മടങ്ങിയത്.




സംസ്ഥാന ബാലാവകാശ കമീഷൻ അംഗം സി വിജയകുമാറും ഡിഡിഇ സി രമേശും മലപ്പുറം കോട്ടപ്പടി ഗവ. എൽപി സ്കൂൾ സന്ദർശിക്കുന്നു

പത്രവാർത്ത


### അട്ടപാടി

**പാലക്കാട് അട്ടപാടി എം.ആർ.എസ് സ്കൂൾ – സൗകര്യങ്ങളെ സംബന്ധിച്ച വിലയിരുത്തലുമായി ബന്ധപ്പെട്ട സന്ദർശനം നടത്തി.**



# സ്കൂൾ

**തിരുവനന്തപുരം വലിയതുറ ദുരിതാശ്വാസ ക്യാമ്പ്, കോട്ടൺഹിൽ പ്രീപ്രൈമറി സ്കൂൾ കെട്ടിടം, തിരുമല ഹയർസെക്കന്ററി സ്കൂൾ എന്നിവ സന്ദർശിച്ചു.**



എറണാകുളം തൃപ്പൂണിത്തുറ ഗവൺമെന്റ് ഗേൾസ് സ്കൂളിലെ കുട്ടികളുടെ പരാതിയിൽ കമ്മീഷൻ സ്കൂൾ സന്ദർശിച്ചു.

ആലപ്പുഴ പുന്നപ്രയിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ, അമ്പലപ്പുഴ കരിവാടിയിലെ പ്രീമെട്രിക് ഹോസ്റ്റൽ, മായിത്തറയിലെ പ്രീമെട്രിക് ഹോസ്റ്റൽ എന്നിവ സന്ദർശിച്ചു.

എറണാകുളം മോഡൽ റസിഡൻഷ്യൽ സ്കൂൾ സന്ദർശിച്ച് കുട്ടികളുടെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണാൻ നിർദ്ദേശം നൽകി.

ആലപ്പുഴ അർത്തുങ്കൽ ഫിഷറീസ് സ്കൂൾ, എറണാകുളം തേവര ഫിഷറീസ് സ്കൂൾ എന്നിവ സന്ദർശിച്ചു.

കോഴിക്കോട് വെള്ളിമാട്ക്കുന്ന് ശിശുസംരക്ഷണ സ്ഥാപനത്തിൽ നിന്നും പോക്സോ അതിജീവതരായ കുട്ടികളെ കാണാതായ സംഭവം, കമ്മീഷൻ സ്ഥാപനം സന്ദർശിച്ചു. വൺ സ്റ്റോപ്പ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സന്ദർശനം നടത്തി.

കോഴിക്കോട് സേവാഭാരതി ശിശുസംരക്ഷണ സ്ഥാപനത്തിൽ ഹോം മാനേജ്മെന്റ് കമ്മറ്റി സംഘടിപ്പിക്കാത്തതും, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും-കമ്മീഷൻ സ്ഥാപനം സന്ദർശിക്കുകയും അധികാരികൾക്ക് ബോധവത്ക്കരണം നൽകാൻ ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

കോഴിക്കോട് പോക്സോ കേസുമായി ബന്ധപ്പെട്ട്, കമ്മീഷൻ കുട്ടിയെ ആശുപത്രിയിൽ സന്ദർശിച്ച് തുടർ നടപടി വിലയിരുത്തി. തേഞ്ഞിപ്പാലം പോക്സോ കേസിൽ മരണപ്പെട്ട കുട്ടിയുടെ വീട് കമ്മീഷൻ സന്ദർശിച്ചു.

അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിന് വയനാട് എൻട്രി ഹോം, ട്രൈബൽ സ്കൂൾ എന്നിവ സന്ദർശിച്ചു.

തൃശ്ശൂർ മോഡൽ ഹോമിലെ അതിജീവിതരായ കുട്ടികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തി.

കോഴിക്കോട് പേരാമ്പ്ര വലിയങ്ങാടി യു.പി.സ്കൂൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.



പരമ്പിൽ ഗവ.യു.പി.സ്കൂൾ സന്ദർശിക്കുകയും, രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളുമായി വിവിധ വിഷയങ്ങൾ ചർച്ച നടത്തുകയും ചെയ്തു.

കോഴിക്കോട് കൊയിലാണ്ടി സ്കൂളിന്റെ സുരക്ഷാപ്രശ്നങ്ങൾ- സ്കൂൾ സന്ദർശിക്കുകയും പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. തിരുവമ്പാടി ആദിവാസി കോളനി സന്ദർശിച്ചു.

തിരുവനന്തപുരം ശ്രീ. അയ്യങ്കാളി മെമ്മോറിയൽ, വെള്ളായണി, ഡോ. അംബേദ്കർ വിദ്യാലയം, ജി. കാർത്തികേയൻ മെമ്മോറിയൽ, എന്നീ സ്കൂളുകൾ സന്ദർശിക്കുകയും സ്ഥിതി ഗതികൾ വിലയിരുത്തി വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു.

തൃശ്ശൂർ രാമപുരം 'പ്ലയിസ് ഓഫ് സേഫ്റ്റി' (ജെ.ജെ ഹേമുകൾ) സന്ദർശിച്ചു.

തിരുവനന്തപുരം വെമ്പായം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ സന്ദർശിക്കുകയും അടിസ്ഥാനസൗകര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

പോക്സോ സെല്ലിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം എസ്.ഒ.എസ് ഹോം, പുന്നയ്ക്കാമുഗൾ, മുടവൻമുഗൾ, എൻട്രി ഹോമുകൾ , ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സിസ്റ്റം തുടങ്ങിയ ശിശു സംരക്ഷണ സ്ഥാപനങ്ങൾ സന്ദർശിച്ചു.



കോട്ടൂർ ആദിവാസി ഊരുകൾ ബാലാവകാശ കമ്മിഷൻ സന്ദർശിച്ചു



ഞങ്ങളെന്താ ക്ലാസിനു പുറത്ത് ?

ആദിവാസി ഊരുകളിൽ ഫോണില്ലാതെ പഠനം മുടങ്ങി ഇരുനൂറോളം കുട്ടികൾ

പത്രവാർത്ത

## ഭോപ്പാൽ സന്ദർശനം




കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ 2022 മാർച്ചിൽ ഭോപ്പാലിൽ സംഘടിപ്പിച്ച ദേശീയ ശില്പശാലയുടെ സമാപന പരിപാടിയിൽ ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ ഉപഹാരം സ്വീകരിക്കുന്നു(ഫോട്ടോ). കമ്മീഷൻ അംഗങ്ങളായ ശ്യാമളാദേവി.പി.പി, ഫാ.ഫിലിപ് പറക്കാട്ട്, ബി.ബബിത, റെനിആന്റണി, സി.വിജയകുമാർ, സെക്രട്ടറി അനിത ദാമോദരൻ തുടങ്ങിയവർ സമീപം.




ഡൽഹി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ കേരള കമ്മീഷൻ സന്ദർശനം



രാജസ്ഥാൻ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ കേരള കമ്മീഷൻ സന്ദർശനം

# ചർച്ച നടത്തി

**പരമ്പിൽ ഗവ.യു.പി.സ്കൂൾ സന്ദർശിക്കുകയും, രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളുമായി വിവിധ വിഷയങ്ങൾ ചർച്ച നടത്തുകയും ചെയ്തു.**



# സോഷ്യൽ ഓഡിറ്റ് പഠന റിപ്പോർട്ട്

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിച്ച് സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ ആഡിറ്റ് നടത്താൻ ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശമുണ്ടായിരുന്നു. ദേശീയ-സംസ്ഥാന ബാലാവകാശ കമ്മീഷനുകൾ ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് ഏറ്റവും മികച്ച മാർഗ്ഗമായി സുപ്രീം കോടതി പരാമർശിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ സോഷ്യൽ ആഡിറ്റിംഗ് നടത്തിയത്. കുട്ടികളുടെ അവകാശങ്ങളെ ആധാരമാക്കി യു.എൻ.സി.ആർ.സി. നിർദ്ദേശിക്കുന്ന നാല് തൂണുകൾ- കുട്ടികളുടെ അതിജീവനം, വികാസം,സംരക്ഷണം,പങ്കാളിത്തം എന്നിവ അടിസ്ഥാനമാക്കിയാണ് പഠനം പൂർത്തിയാക്കിയത്. സുശീലാ ഗോപാലൻ സൊസൈറ്റി ഫോർ ജെന്റർ & ലീഗൽ സ്റ്റഡീസ് സെന്ററാണ് പഠനം നടത്തിയത്. 7 ജില്ലകളിലെ 193 ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പഠനം നടത്തി തയ്യാറാക്കിയിട്ടുള്ള ആദ്യഘട്ട റിപ്പോർട്ട് 2023 ൽ സർക്കാരിന് സമർപ്പിച്ചു.



# സർക്കാരിന് സമർപ്പിച്ച പ്രത്യേക റിപ്പോർട്ടും ശുപാർശകളും

1) കോവിഡ് മൂന്നാം തരംഗം - ശിശു സംരക്ഷണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ.
2) കുട്ടികളെ ലഹരിപദാർത്ഥങ്ങളിൽ നിന്ന് അകറ്റുന്നതിന്
3) കുട്ടികളിൽ ഓൺലൈൻ സുരക്ഷ ഉറപ്പുവരുത്തുന്നതിന്.
4) ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്.
5) ദത്തെടുക്കൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന്.
6) സംസ്ഥാനത്തെ ബാലവേല വിമുക്ത കേരളം ആയി പ്രഖ്യാപിക്കുന്നതിന്.
7) സംസ്ഥാനത്തെ ബാലവിവാഹമുക്ത കേരളം ആയി പ്രഖ്യാപിക്കുന്നതിന്.
8) കാണാതാവുന്ന കുട്ടികളെ (Missing Children) കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്.
9) ശിശു സംരക്ഷണ സ്ഥാപനങ്ങൾ ബാലസൗഹൃദമാക്കുന്നതിന്.
10) ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം (2023) കാര്യക്ഷമമാക്കുന്നതിന്.
11) പോക്സോ നിയമനടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വേണ്ടി സംസ്ഥാന-ജില്ലാതലത്തിൽ സംഘടിപ്പിച്ച കൂടിയാലോചനാ യോഗത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടും ശുപാർശയും.
12) 'ആശ്വാസനിധി' പദ്ധതി കൃത്യമായി നടപ്പാക്കുന്നതിന് കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടും ശുപ ാർശയും.
13) ലൈംഗികാതിക്രമത്തിനെ അതിജീവിച്ച വനിതാശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നതുമായ കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടും ശുപാർശയും.
14) പോക്സോ നിയമത്തിന്റെ നിരീക്ഷണം കൃത്യമായി നടപ്പാക്കുന്നിന് ജില്ലാതലത്തിൽ നിരീക്ഷണ സംവിധാനം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ സ്വമേധയാ സ്വീകരിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാരിന് ശുപാർശ സമർപ്പിച്ചു.



# ഓൺലൈൻ പരാതി സംവിധാനം


## പരാതി തീർപ്പാക്കൽ

**ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റത്തിലെ ഡാഷ് ബോർഡിൽ നിന്നും പരാതി തീർപ്പാക്കലുമായി ബന്ധപ്പെട്ട മുഴുവൻ സ്ഥിതിവിവര കണക്ക് കമ്മിഷന് വിലയിരുത്തി മുന്നോട്ടു പോകാനും സംവിധാനമുണ്ട്.**

ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സംവിധാനം 2023 ഏപ്രൽ 5ന് സംസ്ഥാന ബാലാവകാശ കമ്മീഷനിൽ നടപ്പിലാക്കി. ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച പരാതികളിന്മേൽ വേഗത്തിൽ പരിഹാരം കാണുകയാണ് ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ലക്ഷ്യമിടുന്നത്. പരാതികൾ ഓൺലൈനായി www.childrights.kerala.gov.in ൽ നേരിട്ടോ www.kescpcr.kerala.gov.in online services ലിങ്ക് മുഖേനയോ കമ്മീഷനെ അറിയിക്കാം. പരാതിയോടൊപ്പം ഡിജിറ്റൽ തെളിവുകളും ഓൺലൈനായി അയക്കാൻ സംവിധാനമുണ്ട്. കംപ്ലയിന്റ് രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന കംപ്ലയിന്റ് നമ്പർ ഉപയോഗിച്ച് പരാതിയിന്മേൽ കമ്മീഷൻ സ്വീകരിച്ച തുടർ നടപടികൾ അറിയാൻ സാധിക്കും. ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റത്തിലെ ഡാഷ് ബോർഡിൽ നിന്നും പരാതി തീർപ്പാക്കലുമായി ബന്ധപ്പെട്ട മുഴുവൻ സ്ഥിതിവിവര കണക്കും കമ്മിഷന് വിലയിരുത്തി മുന്നോട്ടു പോകാനും സംവിധാനമുണ്ട്.



# നവീകരിച്ച വെബ്സൈറ്റ്




സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ലളിതവും വിപുലവുമായ വിവരണങ്ങളാണ് വെബ്സൈറ്റിന്റെ ഉള്ളടക്കം. ഏതൊരാൾക്കും വളരെ വേഗം വിവരങ്ങൾ തിരയുന്നതിനും കണ്ടെത്തുന്നതിനും ബുദ്ധിമുട്ടില്ലാത്ത വിധമാണ് സൈറ്റിന്റെ രൂപകൽപ്പന. പരിഷ്കരിച്ച വെബ്സൈറ്റിന്റെ സൈറ്റ്മാപ്പിൽ നിന്നും ഇക്കാര്യം വ്യക്തമാണ്. 2022 ഒക്ടോബറിൽ കമ്മീഷന്റെ പരിഷ്കരിച്ച വെബ്സൈറ്റ് ഓൺലൈനാക്കിയിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട ജെ.ജെ, ആർ.റ്റി.ഇ, പോക്സോ ആക്റ്റുകളെ വളരെ ലളിതമായാണ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുപോലെ കുട്ടികൾ, രക്ഷാകർത്താക്കൾ, അധ്യാപകർ, സമൂഹം എന്നിവർ അറിഞ്ഞിരിക്കേണ്ട, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും സഹായങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ വളരെ ലളിതമായാണ് സൈറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ കമ്മീഷന്റെ പത്രക്കുറിപ്പുകൾ, വിവിധ പരിപാടികളുടെ ഫോട്ടോകൾ, സമീപഭാവിയിൽ നടക്കുന്ന വിവിധ പരിപാടികൾ, കൈപ്പുസ്തകങ്ങൾ, സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകൾ, വാർഷിക റിപ്പോർട്ട്, കമ്മീഷന്റെ സന്ദർശനങ്ങൾ, തുടങ്ങിയവയും വെബ്സൈറ്റിൽ ലഭ്യമാണ്.

## ലളിതം

**കുട്ടികളുമായി ബന്ധപ്പെട്ട ജെ.ജെ, ആർ.റ്റി.ഇ, പോക്സോ ആക്റ്റുകളെ വളരെ ലളിതമായാണ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.**



www.kescpcr.kerala.gov.in

# ബാലസൗഹൃദ കേരളം

## ബൃഹത്തായ പ്രചാരണ പരിപാടി

**സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കേരളത്തിലുടനീളം നടത്തിവരുന്ന ബൃഹത്തായ പ്രചാരണ പരിപാടിയാണ് ബാലസൗഹൃദ കേരളം.**









ബാലസൗഹൃദം യാഥാർത്ഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പു വരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കേരളത്തിലുടനീളം നടത്തിവരുന്ന ബൃഹത്തായ പ്രചാരണ പരിപാടിയാണ് ബാലസൗഹൃദ കേരളം.

കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനു നിരവധി പ്രവർത്തനങ്ങളാണ് ബാലാവകാശ കമ്മീഷൻ നടത്തിവരുന്നത്. കുട്ടികൾക്കെതിരെയുള്ള എല്ലാവിധ അതിക്രമങ്ങൾ, ചൂഷണങ്ങൾ, അവഗണന തുടങ്ങിവ നടക്കുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സമൂഹത്തിലുടനീളം കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും ബാലനീതി ആക്ടിനെക്കുറിച്ചും

## അത്യന്താപേക്ഷിതം

**സമൂഹത്തിലുടനീളം കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും ബാലനീതി നിയമങ്ങളെക്കുറിച്ചും വ്യാപകമായി ബോധവത്ക്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.**













ബാലസൗഹൃദ കേരളം

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
ബാലസൗഹൃദ കേരളം
ബാലസംരക്ഷണ സമിതികളുടെ
ശാക്തീകരണം - ശിൽപശാല



ബാലസൗഹൃദ കേരളം

ബാലസൗഹൃദ കേരളം


















വ്യാപകമായി ബോധവത്ക്കരണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കമ്മീഷൻ വിലയിരുത്തി. ഈ കാഴ്ചപ്പാടോടു കൂടിയാണ് 2020ൽ 'അവകാശാധിഷ്ഠിത ബാലസൗഹൃദ കേരളം' എന്ന പ്രചാരണ പരിപാടിക്ക് തുടക്കം കുറിച്ചത്. CHASE [Child Health and Safety Empowerment] എന്ന് പേരിട്ടിരിക്കുന്ന ഈ പ്രചാര പരിപാടി Engage, Explain, Educate, Enforce എന്നിങ്ങനെ 4 E കൾക്കാണ് ഊന്നൽ നൽകിയത്.

കുട്ടികൾക്കിടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, ആത്മഹത്യ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാനും, ബാലവേല, ഭിക്ഷാടനം, ശൈശവവിവാഹം എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനും, ലിംഗസമത്വം യാഥാർത്ഥ്യമാക്കുന്നതിനും കമ്മീഷൻ ലക്ഷ്യമിടുന്നു. ഈ സാഹചര്യത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിനും, അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സമൂഹം പൂർണമായും മുന്നോട്ടു വരേണ്ടതുണ്ട്. കേരളീയ പരിസരം കുട്ടികൾക്ക് ഇണങ്ങുന്ന രീതിയിൽ നമുക്ക് മാറ്റിയെടുക്കണം. ശിശു സൗഹാർദ അന്തരീക്ഷം പഞ്ചായത്ത് തലങ്ങളിൽ സൃഷ്ടിക്കുന്നതിനായി ബാലാവകാശ കമ്മീഷൻ ഘട്ടം ഘട്ടമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു.




## 2021, ബാലസൗഹൃദ വർഷം

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് - വാർഡുതല ബോധവത്ക്കരണവും ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണ ശിൽപശാലകളും, പരിശീലനങ്ങളുമാണ് ലക്ഷ്യമിട്ടത്. ആദ്യഘട്ട ഉദ്ഘാടനം പാലക്കാട് പുതുശ്ശേരി പഞ്ചായത്തിൽ ആരോഗ്യ - സാമൂഹ്യനീതി - വനിതാ ശിശുവികസന വകുപ്പു മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. 2021 ബാലസൗഹൃദ വർഷമായി പ്രഖ്യാപിക്കുകയും ചെയ്തു. 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ആദ്യഘട്ട പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

### റിപ്പോർട്ട് ചെയ്യപ്പെടുന്നു

**കുട്ടികൾക്കിടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, ആത്മഹത്യ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു.**



# സംസ്ഥാനതല ദ്വിദിന പരിശീലന ക്യാമ്പ്

## ഉതകുന്ന പദ്ധതികൾ

**ഒരോ പഞ്ചായത്തുകളിലും കുട്ടികളുടെ ജീവിത സാഹചര്യം അടിസ്ഥാനമാക്കി വിവരശേഖരണം നടത്തി കുട്ടികളുടെ അതിജീവിനത്തിനും, ഉന്നമനത്തിനും, സംരക്ഷണത്തിനും, പങ്കാളിത്തത്തിനും ഉതകുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനാണ് പരിശീലനങ്ങൾ സംഘടിപ്പിച്ചത്.**




ബാലസൗഹൃദകേരളം പദ്ധതിയുടെ രണ്ടാംഘട്ടമായി, കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി 2021 ഫെബ്രുവരി 19, 20 തീയതികളിൽ തിരുവനന്തപുരത്ത് ദ്വിദിന പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. ജില്ലാതലത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വാർഡ് തലത്തിൽ ബാലാവകാശ സംരക്ഷണ സമിതികൾ സമഗ്രമായി ശാക്തീകരിക്കുന്നതിനും അംഗങ്ങളെ പ്രാപ്തരാക്കുക എന്നതായിരുന്നു ദ്വിദിന പരിശീലന പരിപാടിയുടെ ലക്ഷ്യം. ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ഐ.സി.ഡി.എസ്, ചൈൽഡ് ലൈൻ, ശിശുക്ഷേമ സമിതി എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കാണ് പരിശീലനം നൽകിയത്.


## ജില്ല – ബ്ലോക്ക്– പഞ്ചായത്ത്തല പരിശീലനം

ബാലസൗഹൃദ കേരളം മൂന്നാം ഘട്ടത്തിൽ, ജില്ലാടിസ്ഥാനത്തിൽ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലെ ബാലസംരക്ഷണ സമിതികൾ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് കർത്തവ്യവാഹകർക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു. 2021 ഡിസംബറിൽ ജില്ലാടിസ്ഥാനത്തിൽ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഐ.സി.ഡി.എസ്, ഡി.സി.പി.യു., വനിതാ-ശിശു വികസന വകുപ്പ്, പോലീസ്, എക്സൈസ്, മോട്ടർ വെഹിക്കിൾ, തൊഴിൽ, ആരോഗ്യം തുടങ്ങിയ വകുപ്പുകളേയും കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന മറ്റു സംഘടനകളേയും ഉൾപ്പെടുത്തിയാണ് പരിശീലന-ബോധവത്കരണ പരിപാടി സംഘടിപ്പിച്ചത്. പഞ്ചായത്ത് തലങ്ങളിൽ കുട്ടികൾക്കായി പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതിനും, കുട്ടികൾക്ക് ഇണങ്ങുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പഞ്ചായത്ത് വാർഷിക പദ്ധതിയിൽ കുട്ടികളുടെ ഉന്നമനത്തിനായി കൂടുതൽ ഫണ്ട് ഉൾപ്പെടുത്തുന്നതിനുമാണ് ഈ പരിപാടി വഴി ലക്ഷ്യമിട്ടത്.

## 25000 പേർക്ക് പരിശീലനം നൽകി

ബാലസൗഹൃദ കേരളം പദ്ധതിയുടെ നാലാം ഘട്ടമായി ബ്ലോക്ക് അടിസ്ഥാനത്തിൽ കുട്ടികളുടെ ഉന്നമനം ലക്ഷ്യം വെച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഒരോ പഞ്ചായത്തുകളിലും കുട്ടികളുടെ ജീവിത സാഹചര്യം അടിസ്ഥാനമാക്കി വിവരശേഖരണം (Vulnerability mapping) നടത്തി കുട്ടികളുടെ അതിജീവിനത്തിനും, ഉന്നമനത്തിനും, സംരക്ഷണത്തിനും, പങ്കാളിത്തത്തിനും ഉതകുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനാണ് പരിശീലനങ്ങൾ സംഘടിപ്പിച്ചത്. സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ 150 എണ്ണത്തിൽ കർത്തവ്യവാഹകരെ ഉൾപ്പെടുത്തിക്കൊണ്ട് 2022 ഒക്ടോബർ - ഡിസംബർ കാലയളവിലാണ് പരിശീലന-ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചത്. നാലാം ഘട്ടമായ പരിപാടിയിൽ 150 ബ്ലോക്കുകളിൽ നിന്നും 25000 പേരാണ് പങ്കെടുത്തത്.

പരിശീലന പരിപാടിയിൽ ബാലസംരക്ഷണ സമിതികളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കുന്ന 25000 ഫോൾഡറുകൾ വിതരണം ചെയ്തു.





# ബാലനീതി നിയമം

## 30000 കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു




ബാലനീതി (ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 അടിസ്ഥാനമാക്കി കർത്തവ്യ വാഹകർ അനുവർത്തിക്കേണ്ട ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച് കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ പരിപാലിക്കുന്നതിനുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റി, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി എന്നീ സംവിധാനങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ഉൾപ്പെടുത്തിയുള്ള 30,000 കൈപ്പുസ്തകങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

## കൈപ്പുസ്തകങ്ങൾ വിതരണം ചെയ്തു

**സർക്കാർതലത്തിൽ കുട്ടികൾക്കായി നൽകുന്ന വിവിധ ധനസഹായ പദ്ധതികൾ വകുപ്പടിസ്ഥാനത്തിൽ തരംതിരിച്ച് സ്കോളർഷിപ്പ് വിവരങ്ങളും ഉൾപ്പെടുത്തി 30,000 കൈപ്പുസ്തകങ്ങൾ വിതരണം ചെയ്തു.**



# കുട്ടികൾക്കായുള്ള പദ്ധതികൾ/സ്കോളർഷിപ്പുകൾ


## 30000 പുസ്തകം പ്രസിദ്ധീകരിച്ചു

സർക്കാർതലത്തിൽ കുട്ടികൾക്കായി നൽകുന്ന വിവിധ ധനസഹായ പദ്ധതികൾ വകുപ്പടിസ്ഥാനത്തിൽ തരംതിരിച്ച് സ്കോളർഷിപ്പ് വിവരങ്ങളും ഉൾപ്പെടുത്തി 30,000 കൈപ്പുസ്തകങ്ങൾ വിതരണം ചെയ്തു. 20 വകുപ്പുകൾ/ബോർഡുകൾ കേരളത്തിലെ കുട്ടികൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങളുടെ സംക്ഷിപ്ത രൂപമാണ് കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.



## ശാക്തീ കരിക്കാൻ കഴിയും

**രക്ഷിതാക്കൾക്കും വിവാഹിതരാകാൻ പോകുന്നവർക്കും കൃത്യമായ കൗൺസിലിങ്ങ് നൽകുന്നതിലൂടെ കുടുംബങ്ങളെ ശാക്തീകരിക്കാൻ കഴിയും.**





സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളെയും ബാലസൗഹൃദമാക്കുന്നതിന് മുന്നോടിയായി തിരഞ്ഞെടുക്കപ്പെട്ട 7 നിയോജക മണ്ഡലങ്ങളിൽ ഒന്നാംഘട്ട ഏകദിന സെമിനാർ സംഘടിപ്പിച്ചു. ബാലസംരക്ഷണ നിയമങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കുട്ടികളുടെ സംരക്ഷണവും, സുരക്ഷയും, അവകാശവും, വികാസവും ഉറപ്പുവരുത്തുകയാണ് കമ്മീഷൻ ലക്ഷ്യമിട്ടത്. പഞ്ചായത്ത് പ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, അദ്ധ്യാപകർ, രക്ഷിതാക്കൾ, കുടുംബശ്രീ പ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്കൂൾ കൗൺസിലർമാർ, അംഗൻവാടി പ്രവർത്തകർ, ബാലസഭാ പ്രതിനിധികൾ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു. നേമം, കൊട്ടാരക്കര, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, ധർമ്മടം, ഉദുമ എന്നീ നിയോജക മണ്ഡലങ്ങളിലാണ് പരിപാടി സംഘടിപ്പിച്ചത്. പരിശീലന പരിപാടികൾ 2022 ഒക്ടോബർ മുതൽ 2023 ഫെബ്രുവരി വരെയാണ് സംഘടിപ്പിച്ചത്.

# നിയമസഭാ മണ്ഡലങ്ങളിൽ ബോധവത്കരണ സെമിനാർ






## യോഗങ്ങൾ സംഘടിപ്പിച്ചു

**ധർമ്മടം നിയോജകമണ്ഡലത്തെ കേരളത്തിലെ ആദ്യ ബാലസൗഹൃദ മണ്ഡലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ ബാലാവകാശ നിയമങ്ങളുമായി ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ യോഗങ്ങൾ സംഘടിപ്പിച്ചു.**















ധർമ്മടം നിയോജകമണ്ഡലത്തെ കേരളത്തിലെ ആദ്യ ബാലസൗഹൃദ മണ്ഡലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ ബാലാവകാശ നിയമങ്ങളുമായി ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ യോഗങ്ങൾ സംഘടിപ്പിച്ചു. ഇതിന് മുന്നോടിയായി ബാലസൗഹൃദ പഞ്ചായത്താകുന്നതിന്റെ ഭാഗമായി ഒരു ചെക്ക്ലിസ്റ്റ് നൽകുകയും അത് പൂരിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ബാലസംരക്ഷണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ, ബാലവികസനരേഖ തയ്യാറാക്കിയിട്ടുണ്ടോ തുടങ്ങി 54 ചോദ്യാവലികളാണ് ഉള്ളടക്കം അങ്കണവാടികളുടെ ഉദ്ധാരണം, സ്വകാര്യ സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും അടിസ്ഥാന സൗകര്യവികസനം, പഞ്ചായത്ത് ലൈബ്രറികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത തുടങ്ങി നിരവധി വിഷയങ്ങളാണ് ധർമ്മടത്തെ ബാലസൗഹൃദമാക്കുന്നതിനുള്ള കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ.

കുടുംബങ്ങളിൽ നിന്നാണ് എല്ലാ പ്രശ്നങ്ങളുടെയും ആരംഭം എന്ന് കാണാൻ കഴിയും. അതുകൊണ്ടുതന്നെ ഓരോ പഞ്ചായത്തിലും പാരന്റൽ ക്ലിനിക്കുകളും പ്രീ-മാരിറ്റൽ കൗൺസിലിങ്ങ് സെന്ററുകളും ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി. രക്ഷിതാക്കൾക്കും വിവാഹിതരാകാൻ പോകുന്നവർക്കും കൃത്യമായ കൗൺസിലിങ്ങ് നൽകുന്നതിലൂടെ കുടുംബങ്ങളെ ശാക്തീകരിക്കാൻ കഴിയും.



# ശിശുദിന വാരം ആഘോഷം











കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും നിരവധി പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ നടത്തിവരുന്നത്. കമ്മീഷന്റെ നിർദ്ദേശപ്രകാരം 14 ജില്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ 2021-ൽ ബാലാവകാശ വാരാചരണം വിപുലമായി സംഘടിപ്പിച്ചു. കൂടാതെ 30 സർക്കാർ, സർക്കാരിതര ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നവംബർ 14 മുതൽ 20 വരെ കുട്ടികളുടെ കലാപരിപാടികൾ, ക്വിസ്, വിനോദം, പെയിന്റിംഗ് പ്രദർശനം, മോട്ടിവേഷൻ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു.

## സാർവ്വദേശീയ ശിശുദിനം മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു

സാർവ്വദേശീയ ശിശുദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ 'ബാലാവകാശ സംരക്ഷണത്തിൽ മാധ്യമങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. കുട്ടികൾ രാഷ്ട്രത്തിന്റെ സമ്പത്താണെന്നും കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനനുസരിച്ച് രാജ്യത്തിന്റെ പുരോഗതി നിർണ്ണയിക്കപ്പെടുമെന്നും കേരള ഹൈക്കോടതി ജസ്റ്റിസ് മുഹമ്മദ് നിയാസ് ഉദ്ഘാടന പ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടു.



തിരുവനന്തപുരത്തെ പൂവച്ചൽ, മാണിക്കൽ, നെല്ലനാട്, പോത്തൻകോട് എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളിൽ നിന്നും, പ്രത്യേക പരിഗണന അർഹിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ നിന്നും, ഡിഫ്രന്റ് ആർട്ട് സെന്ററിൽ നിന്നുമുള്ള 500ൽപരം കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.


























നിയമവിദ്യാർഥികൾ, മാധ്യമവിദ്യാർഥികൾ, സ്കൂൾ കുട്ടികൾ, കർത്തവ്യവാഹകർ എന്നിവരെ ഉൾപ്പെടുത്തിയായിരുന്നു ശിൽപ്പശാല സംഘടിപ്പിച്ചത്.

## 36 സ്ഥാപനങ്ങളിൽ ശിശുദിന വാരാഘോഷം

എല്ലാ വർഷവും ശിശുദിനത്തോടനുബന്ധിച്ച് ഒരാഴ്ചക്കാലം വിപുലമായ പരിപാടികളാണ് ബാലാവകാശ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നത്. 2022ൽ 14 ജില്ലകളിലെയും സർക്കാർ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ ഉത്സവമായാണ് ശിശുദിന വാരാഘോഷം സംഘടിപ്പിച്ചത്. കൂടാതെ നവംബർ 14 മുതൽ 20 വരെ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം എന്നീ 36 സ്ഥാപനങ്ങളിൽ കുട്ടികളുടെ ഗ്രൂപ്പ് ഡാൻസ്, നാടകം, പ്രസംഗം, ചിത്രരചന, നാടോടി നൃത്തം, സെമിക്ളാസിക്കൽ ഡാൻസ്, കോമഡി സ്ക്രിറ്റ് എന്നിവ സംഘടിപ്പിച്ചു.

## ശിശുദിന വാരാഘോഷ സമാപനവും ഭിന്നശേഷി കുട്ടികളുടെ സംഗമവും

2022 -ലെ സാർവ്വദേശീയ ശിശുദിനാഘോഷത്തിന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംരക്ഷണ സ്ഥാപനങ്ങൾ, തദ്ദേശീയ തലത്തിൽ നടത്തിവരുന്ന ബഡ്സ് സ്ക്കൂളുകൾ എന്നിവടങ്ങളിലെ ഭിന്നശേഷി കുട്ടികളുടെ സംഗമം ഒരുക്കി. കുട്ടികളുടെ ഉന്നമനം, സംരക്ഷണം, വികസനം ഉറപ്പിച്ചുകൊണ്ട് ഭിന്നശേഷി സൗഹൃദ ലോകം പടുത്തുയർത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. ബാലാവകാശ കമ്മീഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ ഡിഫ്രന്റ് ആർട്ട് സെന്ററിലാണ് പരിപാടികൾ സംഘടിപ്പിച്ചത്.

തിരുവനന്തപുരത്തെ പൂവച്ചൽ, മാണിക്കൽ, നെല്ലനാട്, പോത്തൻകോട് എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളിൽ നിന്നും, പ്രത്യേക പരിഗണന അർഹിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ നിന്നും, ഡിഫ്രന്റ് ആർട്ട് സെന്ററിൽ നിന്നുമുള്ള 500ൽപരം കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിവിധ പരിപാടികൾ അവതരിപ്പിക്കാനും മജീഷ്യൻ ഗോപിനാഥ് മുതുകാടുമായി സംവദിക്കുന്നതിനും ഡിഫ്രന്റ് ആർട്ട് സെന്ററിലെ കാഴ്ചകൾ കാണുന്നതിനും മാനസിക ഉല്ലാസത്തിനും കുട്ടികൾക്ക് അവസരമായി.





# കോവിഡ് മൂന്നാം തരംഗം അവലോകന യോഗം

### കുട്ടികളുടെ സുരക്ഷയും സംരക്ഷണവും

**കോവിഡ് മൂന്നാം തരംഗം മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന റിപ്പോട്ടുകളെ തുടർന്ന് കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചു.**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിച്ചുവരുന്ന കുട്ടികളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി വകുപ്പുതല മേധാവികളുടെയും, ശിശു സംരക്ഷണ അധികാരികളുടെയും അവലോകനയോഗം 2021 ജൂലൈയിൽ സംഘടിപ്പിച്ചു. കോവിഡ് മൂന്നാം തരംഗം മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന റിപ്പോട്ടുകളെ തുടർന്നാണ് ടി യോഗം സംഘടിപ്പിച്ചത്. കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചു. സ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയും, കോവിഡ് കാലത്തെ കുട്ടികളുടെ മാനസിക ഉല്ലാസത്തിനും, കുട്ടികൾക്ക് ആവശ്യമായ കൗൺസലിംങ് അടക്കമുള്ള സൈക്കോളജിക്കൽ സപ്പോർട്ട് നൽകുന്നതിനും അടിയന്തര പ്രാധാന്യം നൽകുന്നതിനു വേണ്ട സംവിധാനം ഒരുക്കുന്നതിനും കമ്മീഷൻ നിർദ്ദേശം നൽകി. സ്ഥാപനത്തിൽ നിന്ന് വീടുകളിലേയ്ക്ക് അയച്ച കുട്ടികളുടെ നിരീക്ഷണം സംബന്ധിച്ച് വിലയിരുത്തുകയും, ഓൺലൈൻ വിദ്യാഭ്യാസം തടസ്സമില്ലാതെ ലഭിക്കുന്നു എന്ന് സ്ഥാപന അധികാരികൾ ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചു.





# കുട്ടികൾക്കിടയിലെ ലഹരി

## കർത്തവ്യവാഹകരുടെയും വകുപ്പു മേധാവികളുടെയും പ്രത്യേക യോഗം

കുട്ടികൾക്കിടയിൽ മദ്യം, മയക്കുമരുന്ന് അടക്കമുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നു. വൈദ്യ ശാസ്ത്ര ഇടപെടലുകൾ കൂടാതെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഇതിനായി ഏകോപിപ്പിക്കേണ്ടതാണ്. മദ്യത്തോട് ആസക്തിയുള്ള വ്യക്തിയും, കുടുംബവും, സമൂഹവും, നിയമവ്യവസ്ഥയും, സർക്കാർ സംവിധാനങ്ങളും ഏകോപനത്തോടെ പ്രവർത്തിച്ചാൽ മാത്രമേ ലഹരി ഉപയോഗം ചെറുക്കാൻ സാധിക്കൂ.

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായ ജൂൺ 26 ന് 'കുട്ടികൾക്കിടയിലെ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം' എന്ന വിഷയത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ കർത്തവ്യവാഹകർക്കായി കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു. കേരളത്തിലെ കുട്ടികളിൽ ലഹരിപദാർത്ഥങ്ങൾക്ക് എതിരെയുള്ള സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 2021 ആഗസ്റ്റിൽ വകുപ്പു മേധാവികളുമായി ചർച്ച നടത്തി. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം പ്രതിരോധിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി നടപടി സ്വീകരിക്കാൻ കമ്മീഷൻ നിർദ്ദേശം നൽകി.

കോവിഡ്-19 സാഹചര്യത്തിൽ അധ്യയനം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തിയിരുന്ന പശ്ചാത്തലത്തിൽ കുട്ടികൾക്കിടയിൽ മൊബൈൽ, ലാപ്ടോപ്, ടാബ്ലെറ്റ് ഇതര സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. കുട്ടികളുടെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിന് കർത്തവ്യവാഹകരുമായി 2021 ആഗസ്റ്റിൽ അവലോകന യോഗം നടത്തി. സൈബർ ഇടങ്ങൾ ഉയർത്തുന്ന അപകട സാധ്യതകളെകുറിച്ച് കൃത്യമായ ബോധവത്ക്കരണം അനിവാര്യമാണ്. കുട്ടികൾ സൈബർ അധിഷ്ഠിത സാങ്കേതിക വിദ്യ നിർഭയമായും ശരിയായ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ഉപയോഗിക്കുവാൻ ആവശ്യമായ നടപടികൾക്ക് കമ്മീഷൻ നിർദ്ദേശം നൽകി.




### ചർച്ച നടത്തി

**കേരളത്തിലെ കുട്ടികളിൽ ലഹരിപദാർത്ഥങ്ങൾക്ക് എതിരെയുള്ള സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 2021 ആഗസ്റ്റിൽ വകുപ്പു മേധാവികളുമായി ചർച്ച നടത്തി.**



## ബാലസൗഹൃദം

**കേരളത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർക്ക് കുട്ടികളുടെ ഉത്തമതാല്പര്യം നിലനിർത്തുന്നതിനും ബാലസൗഹൃദ അന്തരീക്ഷത്തിൽ വിഷയങ്ങൾ കൈകാര്യം ചെയ്യാനുമുള്ള പരിശീലനം നൽകാനും നിർദ്ദേശം നൽകി.**





# പോലീസ് നിർവാഹകരുടെ യോഗം സംഘടിപ്പിച്ചു

ബാലനീതി ആക്റ്റ് 2015 പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെയും, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും, ദത്തെടുക്കൽ പ്രക്രിയകളുടെയും നിരീക്ഷണ ചുമതല ബാലാവകാശ കമ്മീഷനിൽ നിക്ഷിപ്തമാണ്. കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കപ്പെട്ട പോലീസ് നിർവ്വാഹകർക്കായി കമ്മീഷൻ 2021 നവംബറിൽ കൂടിയാലോചനായോഗം സംഘടിപ്പിച്ചു. കുട്ടികൾക്കെതിരെയുള്ള നിയമലംഘനങ്ങൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ യോഗം ചർച്ച ചെയ്തു. കേരളത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർക്ക് കുട്ടികളുടെ ഉത്തമതാല്പര്യം നിലനിർത്തുന്നതിനും ബാലസൗഹൃദ അന്തരീക്ഷത്തിൽ വിഷയങ്ങൾ കൈകാര്യം ചെയ്യാനുമുള്ള പരിശീലനം നൽകാനും നിർദ്ദേശം നൽകി.



# കാണാതാകുന്ന കുട്ടികളെ കണ്ടെത്തൽ


## വകുപ്പ് മേധാവികളുടെ യോഗം



കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന പദ്ധതികളുടെ അവലോകനത്തിനുമായി 2022 ജൂലൈയിൽ വകുപ്പ് മേധാവികളുടെ യോഗം ചേർന്നു. കാണാതാകുന്ന കുട്ടികളുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ നിരീക്ഷിക്കുന്നതിനുള്ള ചുമതല ബഹു. സുപ്രീംകോടതി ബാലാവകാശ സംരക്ഷണ കമ്മീഷന് നൽകിയിട്ടുണ്ട്. കാണാതാകുന്ന കുട്ടികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിയ 'Operation Valsalya", "Operation Smile', 'Track child 140' എന്നീ പദ്ധതികൾ പോലീസിന് സഹായകരമാണോ എന്ന് വിലയിരുത്തണം. അതുപോലെ കാണാതാകുന്ന കുട്ടികളുടെ ട്രാക്ക് ചൈൽഡിന് ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ചും കാണാതാകുകയും തുടർന്ന് കണ്ടെത്തുകയും ചെയ്യുന്ന കുട്ടികളുടെയും വിശദമായ പഠനം അനിവാര്യമാണ്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ കാലനുസൃതമായ ഭേദഗതി വരുത്തി ഓരോ പദ്ധതിപങ്കാളികളും/കർത്തവ്യവാഹകരും നിർവ്വഹിക്കേണ്ട ചുമതല വ്യക്തമായി പുറത്തിറക്കുന്നതിന് കമ്മീഷൻ നിർദ്ദേശം നൽകി. കാണാതാകുന്ന കുട്ടികളെ കണ്ടെത്തുമ്പോൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ പുനരധിവാസത്തിനും ഉന്നമനത്തിനും ഉപകാരമാകുമെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

## കുട്ടികളുടെ പുനരധിവാസത്തിനും ഉന്നമനത്തിനും

**കാണാതാകുന്ന കുട്ടികളെ കണ്ടെത്തുമ്പോൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ പുനരധിവാസത്തിനും ഉന്നമനത്തിനും ഉപകാരമാകുമെന്ന് കമ്മീഷൻ വിലയിരുത്തുന്നു.**







# ദത്തെടുക്കൽ പ്രക്രിയ

## വകുപ്പു മേധാവികളുടെ യോഗം ചേർന്നു


ദത്തെടുക്കലുകളുടെ നിരീക്ഷണ ചുമതല ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. ബാലനീതി ആക്റ്റ് 2015, അഡോപ്ഷൻ റൂൾസ് ആന്റ് റഗുലേഷൻസ് ആക്റ്റ് 2017, ഹിന്ദു അഡോപ്ഷൻ ആന്റ് മെയിന്റനൻസ് ആക്റ്റ് (HAMA) 1956 എന്നീ നിയമങ്ങൾ പ്രകാരമാണ് കേരളത്തിൽ ദത്ത് നടപടികൾ സ്വീകരിക്കുന്നത്. HAMA നിയമപ്രകാരം രജിസ്ട്രാർ ഓഫീസറുടെ മുമ്പാകെ ഡീഡ് പ്രകാരമാണ് ദത്ത് അനുവദിക്കുന്നത്. ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിച്ചിരുന്ന കുട്ടികളെ ഫോസ്റ്റർ കെയറിനായി നൽകി 5 വർഷം കഴിഞ്ഞ് ദത്തു നൽകാവുന്നതാണ്. ഇത് ബാലനീതി ആക്റ്റിൽ പറയുന്നുണ്ടെങ്കിലും, ഇത് സംബന്ധിച്ച വ്യക്തത അഡോപ്ഷൻ റൂൾസ് ആന്റ് റഗുലേഷൻസിൽ പരാമർശിക്കുന്നില്ല. കൂടാതെ നിലവിലെ ദത്ത് പ്രക്രിയയെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യുന്നതിനും വ്യക്തത വരുത്തുന്നതിനുമാണ് 2022 ജൂലൈയിൽ വകുപ്പുതല മേധാവികളുടെ യോഗം സംഘടിപ്പിച്ചത്.



### സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി മുഖേന ദത്തെടുക്കൽ പ്രക്രിയ പൂർത്തീകരിച്ചവരുടെ വിശദാംശങ്ങൾ (ഇൻ – കൺട്രി)




### സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി മുഖേന ദത്തെടുക്കൽ പ്രക്രിയ പൂർത്തീകരിച്ചവരുടെ വിശദാംശങ്ങൾ (ഇന്റർ – കൺട്രി)




ദത്തെടുക്കൽ പ്രക്രയയുമായി ബന്ധപ്പെട്ട് കമ്മീഷന്റെ കണ്ടെത്തലുകൾ സംബന്ധിച്ച റിപ്പോർട്ടും ശുപാർശയും സർക്കാരിന് സമർപ്പിച്ചു.

**ദത്തു നൽകാവുന്നതാണ്**

**ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിച്ചിരുന്ന കുട്ടികളെ ഫോസ്റ്റർ കെയറിനായി നൽകി 5 വർഷം കഴിഞ്ഞ് ദത്തു നൽകാവുന്നതാണ്.**







# ഫെസ്റ്റ് ഓഫ് ഹാപ്പിനസ് 2022

ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സർഗ്ഗശേഷി പ്രകാശിപ്പിക്കുന്നതിനുമായി ഫെസ്റ്റ് ഓഫ് ഹാപ്പിനസ് പരിപാടി 2022 ആഗസ്റ്റിൽ സംഘടിപ്പിച്ചു. ബാലനീതി ആക്റ്റ് 2015 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേരളത്തിലെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നുമുള്ള കുട്ടികളെയാണ് പരിപാടിയിൽ പങ്കെടുപ്പിച്ചത്. ശിശു സംരക്ഷണ സ്ഥാപനങ്ങൾ ബാലസൗഹൃദമാകുന്നതിനും സ്ഥാപന അധികാരികളുടെ ബാലസൗഹൃദ ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കുട്ടികളുടെ ശാരീരിക-മാനസിക-ആരോഗ്യത്തിനും അവരുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നതിനും മേള വഴിയൊരുക്കി. 14 ജില്ലകളിലെയും കല-കരകൗശല സ്റ്റാളുകൾ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതായിരുന്നു. സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ, കായിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുമായി കുട്ടികൾക്ക് സംവാദം നടത്തുന്നതിനുള്ള വേദി കൂടിയായിരുന്നു തിരുവനന്തപുരം നിശാഗന്ധി. കുട്ടികളുടെ സംരക്ഷണത്തിന് പൊതുസമൂഹത്തിന്റെ പങ്ക് എന്ന വിഷയത്തെ സംബന്ധിച്ച് ബോധവൽക്കരണം നൽകുക എന്നുകൂടി ഈ പരിപാടി കൊണ്ട് ലക്ഷ്യമിടുന്നു.




2022 ആഗസ്റ്റ് 7, 8 - നിശാഗന്ധി ഓഡിറ്റോറിയം, തിരുവനന്തപുരം




'A Message to the Society'
2022 ആഗസ്റ്റ് 7, 8 - നിശാഗന്ധി ഓഡിറ്റോറിയം, തിരുവനന്തപുരം


HAPPINESS
the Society'




FEST OF HAPPINESS
'A Message to the Society'


FEST OF HAPP
'A Mess




FEST O
'A Mess




the Society'















ബാലാവകാശ കമ്മിഷന്റെ 'ഫെസ്റ്റ് ഓഫ് ഹാപ്പിനസ്' തുടങ്ങി

ബാലാവകാശ കമ്മിഷൻ കലാ–കരകൗശലമേളയ്ക്ക് ഇന്ന് തുടക്കം

A happiness fete for kids in care homes

'Fest of Happiness' draws huge attention of children

Provide level playing field for children, says Pinarayi

Children need care and attention in their formative years

കരകൗശല വസ്തുക്കളുടെ മാസ്മരിക ലോകം തീർത്ത് കുരുന്നുകൾ


ബാലാവകാശ കമ്മിഷൻ കരകൗശലമേള ശ്രദ്ധേയമാകുന്നു



# ബാലവേല വിമുക്ത കേരളം



കേരളത്തെ ബാലവേല വിമുക്ത സംസ്ഥാന മാക്കി മാറ്റുന്നതിന് കമ്മീഷൻ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ബാലവേല വിമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെ 2023 ജനുവരിയിൽ സംസ്ഥാനതല കർത്തവ്യവാഹകരുമായി കൂടിയാലോചനായോഗം സംഘടിപ്പിച്ചു. 2021 ഏപ്രിൽ മുതൽ മാർച്ച് 2022 വരെയുള്ള വിവരശേഖരണപ്രകാരം 13 കുട്ടികളെയാണ് ബാലവേലയുമായി ബന്ധപ്പെട്ട് മുക്തമാക്കിയിട്ടുള്ളത്. അതിൽ അതിഥിതൊഴിലാളികളുടെ കുട്ടികളാണ് കൂടുതലായി കാണുന്നത്. കേരളത്തിലെ പിന്നാക്ക മേഖലകളിലുള്ള കുട്ടികൾപോലും ബാലവേലയിലേയ്ക്ക് എത്തപ്പെടുന്നില്ലായെന്നത് ശ്രദ്ധേയമാണ്.




ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ വിവരപ്രകാരം

## ശ്രദ്ധേയം

**കേരളത്തിലെ പിന്നാക്ക മേഖലകളിലുള്ള കുട്ടികൾപോലും ബാലവേലയിലേയ്ക്ക് എത്തപ്പെടുന്നി ല്ലായെന്നത് ശ്രദ്ധേയമാണ്.**




# ബാലവിവാഹ വിമുക്ത കേരളം



കേരളത്തെ ബാലവിവാഹ വിമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിന് കമ്മീഷൻ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തെ ബാല വിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെ 2023 ജനുവരിയിൽ സംസ്ഥാനതല കർത്തവ്യവാഹകരുമായി യോഗം കൂടി വിശദമായ ചർച്ച നടത്തിയിരുന്നു. കേരളത്തിൽ 2019 -ൽ 7 കേസുകളും, 2020-ൽ 8 കേസുകളും, 2021 ൽ 12 കേസുകളും, 2022 -ൽ 4 ബാല വിവാഹങ്ങളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ബാലവിവാഹം കുറയുന്നതിന് കാരണമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബാലവിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിലേക്കുള്ള നടപടികളുമായി മുന്നോട്ട് പോകാവുന്നതാണ് എന്നും അതിനുവേണ്ടി ഒരു കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കാനും കമ്മീഷൻ നിർദ്ദേശം നൽകി.

### കുറയുന്നു

**കേരളത്തിൽ 2019 –ൽ 7 കേസുകളും, 2020–ൽ 8 കേസുകളും, 2021 ൽ 12 കേസുകളും, 2022 –ൽ 4 ബാല വിവാഹങ്ങളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ബാലവിവാഹം കുറയുന്നതിന് കാരണമായിട്ടുണ്ട്.**




ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ വിവരപ്രകാരം

# ബാലവേലയും ബാലവിവാഹവും ഇല്ലാതാക്കാൻ

## സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗം


കേരളത്തെ ബാലവേല-ബാലവിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ചചെയ്യുന്നതിന് 2023 ജൂൺ 6 ന് തിരുവനന്തപുരത്ത് കൂടിയ സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗം വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാജോർജ്ജ് ഉദ്ഘാടനം ചെയ്തു. ബാലവേല-ബാലവിവാഹ വിമുക്ത സംസ്ഥാനം ലക്ഷ്യമിട്ട് വളരെ കേന്ദ്രീകൃതമായ പ്രവർത്തനങ്ങളാണ് കമ്മീഷൻ നടത്തിവരുന്നത്. കുട്ടികളുടെ ഭിക്ഷാടനം, ബാലവേല, തുടങ്ങിയവ നിരീക്ഷണം ചെയ്യുന്നതിന് പത്തനംതിട്ട ജില്ലയിൽ തുടക്കമിട്ട ശരണബാല്യം പദ്ധതിയുടെ റസ്ക്യൂ ഓഫീസർമാർ 14 ജില്ലകളിലും പ്രവർത്തിക്കുന്നു. ബാലവേലയും ബാലവിവാഹവും പൂജ്യത്തിൽ കൊണ്ടുവരികയാണ് ലക്ഷ്യം.

കമ്മീഷൻ ചില മേഖലകളിൽ പരിശോധന നടത്തിയതിൽ കുട്ടികൾ വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നതായി മനസ്സിലാക്കി. പരിശോധനാവേളയിൽ അവരുടെ തിരിച്ചറിയൽ രേഖകൾ വ്യാജമാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടതുമാണ്. 18 വയസ്സിൽ താഴെയുള്ള ഒരുകുട്ടിപോലും ബാലവേലയിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് കമ്മീഷന്റെ ലക്ഷ്യം. അതിലൂടെ കേരളത്തെ ബാലസൗഹൃദ സംസ്ഥാനമാക്കാൻ സാധിക്കുമെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അഭിപ്രായപ്പെട്ടു. ബച്ച്പൻ ബച്ചാവോ അന്തോളന്റെ സഹകരണത്തോടെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ് പരിപാടി സംഘടിപ്പിച്ചത്.

### ലക്ഷ്യം

**ബാലവേലയും ബാലവിവാഹവും പൂജ്യത്തിൽ കൊണ്ടുവരികയാണ് ലക്ഷ്യം.**





# കുട്ടികളുടെ സൈബർ സുരക്ഷ

## ബോധവത്കരണ പരിപാടി

ബാലാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെയും ആഭിമുഖ്യത്തിൽ കുട്ടികളുടെ സൈബർ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. കൂടാതെ കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ, ചിത്രരചന മത്സരം, തെരുവ് നാടകം, ക്വിസ് മത്സരങ്ങൾ, റോളർ സ്കേറ്റിംഗ്, തുടങ്ങിയ പരിപാടികൾ വിദ്യാർത്ഥികൾക്കും, എസ്.പിസി കേഡറ്റുകൾക്കുമായി സംഘടിപ്പിച്ചു. വിവിധ സൈബർ തട്ടിപ്പുകൾ, സോഷ്യൽ മീഡിയ ദുരുപയോഗം, സൈബർ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടായാൽ എങ്ങനെ പരാതിപ്പെടണം, കൂടാതെ പോലീസിന്റെ സൈബർ വിജിലൻസിനെ കുറിച്ചും കുട്ടികൾക്ക് ബോധവത്കരണം നൽകി.



# ഓൺലൈൻ പഠനം


കോവിഡ്-19 പശ്ചാത്തലത്തിൽ വിദ്യാഭ്യാസം ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറിയതിലൂടെ കുട്ടികൾക്കുണ്ടാകുന്ന ശാരീരിക-മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബാലാവകാശ കമ്മീഷൻ ഇടപെടൽ നടത്തി. ഒരു കുട്ടി എത്ര സമയം ഓൺലൈൻ ക്ലാസിൽ പങ്കെടുക്കാം എന്നത് സംബന്ധിച്ച് എസ്.സി.ഇ.ആർ.റ്റിയുടെ മാർഗ്ഗ നിർദ്ദേശം കർശനമായി നടപ്പാക്കാൻ കമ്മീഷൻ നിർദ്ദേശം നൽകി. കൂടാതെ ഫീസ് അടയ്ക്കാൻ കഴിയാത്ത സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ പഠനം നിഷേധിക്കാൻ പാടില്ല. ഓൺലൈൻ പഠനത്തിന്റെ ഗുണഫലം കേരളത്തിലെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും കൂടി ലഭ്യമാക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

ഓൺലൈൻ വിദ്യാഭ്യാസം, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സാങ്കേതികവിദ്യകൾ, ഡിജിറ്റൽ ഗെയിമുകൾ എന്നിവ നിരവധി സൈബർസുരക്ഷാ പ്രശ്നങ്ങൾ കുട്ടികൾ നേരിടേണ്ടി വരുന്നു. അതിന് പരിഹാരം കാണുന്നതിന് സൈബർസുരക്ഷാ നിയമങ്ങളെ സംബന്ധിച്ചും, സൈബർ ഭീഷണിയെക്കുറിച്ചും രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്ക്കരണം നൽകണം. ആരോഗ്യം, പോലീസ്, വിദ്യാഭ്യാസം, നിയമ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സ്റ്റാൻഡേർഡ് മൊഡ്യൂൾ തയ്യാറാക്കാനും ക്ലസ്റ്റർ റിസോഴ്സ് സെന്റർ വഴി എല്ലാ സ്കൂളുകളിലും എത്തിക്കനും നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകി.

കുട്ടികളുടെ വിദ്യാഭ്യാസവും, സുരക്ഷയും കോവിഡ് 19 മാനദണ്ഡങ്ങൾ പ്രകാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കമ്മീഷൻ തിരുവനന്തപുരം കോട്ടൂർ ആദിവാസി ഊരുകളിൽ സന്ദർശനം നടത്തി. മികച്ച പഠന മുറികളും, പഠനോപകരണങ്ങളും ഒപ്പം ശുചിത്വവുമുള്ള ഇടങ്ങളാണ് കോട്ടൂരിൽ കമ്മീഷന് കാണാൻ കഴിഞ്ഞത്.

### ക്ലസ്റ്റർ റിസോഴ്സ് സെന്റർ

**ആരോഗ്യം, പോലീസ്, വിദ്യാഭ്യാസം, നിയമ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സ്റ്റാൻഡേർഡ് മൊഡ്യൂൾ തയ്യാറാക്കാനും ക്ലസ്റ്റർ റിസോഴ്സ് സെന്റർ വഴി എല്ലാ സ്കൂളുകളിലും എത്തിക്കനും നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകി.**








# ശിശു സംരക്ഷണ സ്ഥാപനാധികാരികൾക്ക് പരിശീലനം

സുരക്ഷിതമായ ബാല്യം ഒരോ കുട്ടിയുടേയും അവകാശമാണ്. കുട്ടികളുടെ സുരക്ഷയ്ക്കായി ഇന്ത്യൻ ഭരണഘടന വിപുലമായ കടമകളാണ് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്. ബാലനീതി ആക്ട് 2015 പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ ജില്ലകളിലെ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലായി 579 ശിശു സംരക്ഷണ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്.


579 ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്ന 11935 കുട്ടികൾക്ക് മെച്ചപ്പെട്ട ജീവിത അന്തരീക്ഷം ഒരുക്കുന്നതിനും സ്ഥാപനത്തിൽ ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമാണ് പരിശീലനം സംഘടിപ്പിച്ചത്.





സ്ഥാപനാധികാരികൾ, കെയർടേക്കർമാർ, കൗൺസിലർമാർ, ജില്ലാതല ബാലസംരക്ഷണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്കാണ് ഏകദിന പരിശീലനം നൽകിയത്. 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി 14 ജില്ലകളിലും പരിശീലനം പൂർത്തിയാക്കി.

ജില്ലാതലത്തിൽ നടത്തിയ പരിശീലനങ്ങളിൽ ഓരോ ശിശു സംരക്ഷണ സ്ഥാപനങ്ങളും ബാലസൗഹാർദമാക്കുന്നതിന്റെ മാനദണ്ഡങ്ങൾ, ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി, വ്യക്തിഗത ശ്രദ്ധാപദ്ധതി തയ്യാറാക്കുന്നതിനുള്ള പരിജ്ഞാനം, ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ തൊഴിലധിഷ്ഠിത പുനരധിവാസത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് പരിശീലനം നൽകി.


















# വിദ്യാഭ്യാസ അവകാശം കരുതൽ 2022

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ പനത്തടി പഞ്ചായത്ത് ശിശുസംരക്ഷണ സമിതിയുടെയും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും സഹകരണത്തോടെ കരുതൽ 2022-ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. ഗിരിവർഗ്ഗ മേഖലകളിൽ താമസിക്കുന്ന പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഗൗരവമേറിയ ഒരു പ്രശ്നമാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ സ്ക്കൂളിൽ നിന്നും കൊഴിഞ്ഞു പോകുന്ന ഈ കുട്ടികൾ മുൻ തലമുറയുടെ തുടർച്ചയായി മാറുന്നു. മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം ബാലവിവാഹം ബാലവേല ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ ഈ മേഖലകളെ ഒറ്റപ്പെട്ട അവസ്ഥ യിലാക്കുന്നു. ഈ സാഹചര്യത്തിലാണ് ഗിരിവർഗ്ഗ മേഖലകളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം ആരോഗ്യം സാംസ്കാരികം തുടങ്ങി വിവിധ വിഷയ ങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുന്നതിനും ബാലാവകാശ കമ്മീഷൻ വിവിധ പരിപാടികൾ സംഘടിപ്പിച്ചത്. പാണത്തൂർ-കാസർഗോഡ്, കോരുത്തോട്-കോട്ടയം, വടശ്ശേരിക്കര എം.ആർ.എസ്. സ്കൂൾ-പത്തനംതിട്ട, ഐ.ജി.എം. എം.ആർ.എസ്. നിലമ്പൂർ-മലപ്പുറം, ആതിരപ്പള്ളി-തൃശൂർ, തിരുനെല്ലി-വയനാട്, കുളത്തുപ്പുഴ-കൊല്ലം, പയ്യാവൂർ- കണ്ണൂർ, എം.ആർ.എസ്. മുക്കാലി-പാലക്കാട്, ചക്കിട്ടപ്പാറ-കോഴിക്കോട്, വെളിയാമറ്റം-ഇടുക്കി, വിതുര-തിരുവനന്തപുരം എന്നീ തെരഞ്ഞെടുക്കപ്പെട്ട 13 ആദിവാസി ഊരുകളിലാണ് ഫെബ്രുവരി 26 മുതൽ മാർച്ച് 14 വരെ കരുതൽ 2022 എന്ന പേരിൽ ശിൽപ്പ ശാലകൾ സംഘടിപ്പിച്ചത്.




കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
കരുതൽ – 2022
ഏകദിന ശിൽപ്പശാല
2022 മാർച്ച് 10 വ്യാഴം, IGMMR School-നിലമ്പൂർ
എക്സിബിഷൻ സ്റ്റാൾ | ബോധവൽക്കരണ ക്ലാസ് | സിനിമാ പ്രദർശനം
SONY




കരുതൽ 2022




NOVA
LIGHT & SOUNDS


കരുതൽ 2022
ഏകദിന ബോധവൽക്കരണ പരിപാടി
PRATIBHA


2022


2022




2022
ഏകദിന ബോധവൽക്കരണ പരിപാടി

# കർത്തവ്യവാഹകരുടെ സംസ്ഥാന- ജില്ലാതല യോഗങ്ങൾ

## ആസ്ബസ്റ്റോസ് ഷീറ്റുകൾ സ്കൂളുകളിൽ ഉപയോഗിക്കാൻ പാടില്ല

**സ്കൂൾ കെട്ടിടങ്ങളുടെ ബലപ്പെടുത്തൽ നടപടി അടിയന്തരമായി പൂർത്തിയാക്കാനും ആസ്ബസ്റ്റോസ് ഷീറ്റുകൾ സ്കൂളുകളിൽ ഉപയോഗിക്കാൻ പാടില്ല എന്ന കമ്മീഷന്റെ ഉത്തരവ് കർശനമായി നടപ്പാക്കാനും നിർദ്ദേശം നൽകി.**




സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 മായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിദ്യാഭ്യാസ വകുപ്പിലെ കർത്തവ്യവാഹകരുടെ കൂടിയാലോചന യോഗം സംഘടിപ്പിച്ചു. സംസ്ഥാനതലയോഗം 2021 ഒക്ടോബർ 5നും ജില്ലാതല യോഗങ്ങൾ 2021 ഒക്ടോബർ 13 മുതൽ നവംബർ 30 വരെ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുകയും. ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

പ്രധാനാധ്യാപകരില്ലാത്തതിനാൽ സ്കൂളുകളിൽ പാഠ്യ-പാഠ്യേതര പ്രവർത്തന ഫണ്ടും സ്പെഷ്യൽ ഫണ്ടും വിനിയോഗിക്കുന്നതിൽ അധ്യാപകർ വിമുഖത കാണിക്കുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപെട്ടു. അതിന് പരിഹാരം കാണാൻ കമ്മീഷൻ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഫിഷറീസ് സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഗൗരവമായി കണ്ട് ഇത് തടയുന്നതിന് ഇടപെടൽ നിർദ്ദേശിച്ചു. മത്സ്യതൊഴിൽ മേഖലയിൽ അനുബന്ധതൊഴിൽ ചെയ്യുന്നവരുടെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കമ്മീഷൻ ജില്ലകളിലെ ഫിഷറീസ് സ്കൂളുകൾ സന്ദർശിച്ചു.

സ്കൂൾ കെട്ടിടങ്ങളുടെ ബലപ്പെടുത്തൽ നടപടി അടിയന്തരമായി പൂർത്തിയാക്കാനും ആസ്ബസ്റ്റോസ് ഷീറ്റുകൾ സ്കൂളുകളിൽ ഉപയോഗിക്കാൻ പാടില്ല എന്ന കമ്മീഷന്റെ ഉത്തരവ് കർശനമായി നടപ്പാക്കാനും നിർദ്ദേശം നൽകി.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും സംരക്ഷണവും നൽകുന്നതിനും അവരിൽ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും രക്ഷിതാക്കൾക്കും അധ്യാപകർക്കും ബോധവത്കരണവും പരിശീലനവും ആവശ്യമാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം, കുടുംബശ്രീ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി.

ലഹരി മാഫിയായുടെ പിടിയിൽപ്പെട്ട് ജീവിതം നഷ്ടപ്പെടുന്ന കുട്ടികൾ, ശ്രദ്ധയും പരിഗണനയും ലഭിക്കാതെ ക്രിമിനൽ സംഘത്തിൽ ഉൾപ്പെടുന്ന കുട്ടികൾ ദിനംപ്രതി കൂടി വരുന്നു. ഇവിടെ സ്കൂൾ കൗൺസിലേഴ്സിന്റെ സേവനം അനിവാര്യമാണ്. എന്നാൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായുള്ള കൗൺസിലർമാരുടെ സേവനം ലഭ്യമല്ല. സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാൻ കമ്മീഷൻ നിർദ്ദേശം നൽകി.

മുഴുവൻ കുട്ടികളും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും ഓരോ കുട്ടിയും മിനിമം നിലവാരം ആർജ്ജിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. സ്കൂൾ ബാഗിന്റെ ഭാരം ക്രമീകരിക്കുക. 5 വയസ്സ് കഴിഞ്ഞ എല്ലാ കുട്ടികളും സ്കൂളിൽ പ്രവേശനം നേടുന്നുണ്ട് എന്നും ഒരു കുട്ടിയും പഠനം ഇടയ്ക്ക്വെച്ച് നിർത്തുന്നില്ലെന്ന് ഉറപ്പു വരുത്തുക. വിദ്യാലയ ആരോഗ്യ പരിശോധന പരിപാടി ക്രമമായി നടത്തുക. മദ്യം, മയക്കുമരുന്ന് ഉപയോഗം ഒഴിവാക്കപ്പെടുന്നതിന് സീറോസോൺ പ്രഖ്യാപനം. എല്ലാ വിദ്യാലയങ്ങളിലും തിളപ്പിച്ചാറിയ/ഫിൽട്ടർ ചെയ്ത കുടിവെള്ള ലഭ്യത ഉറപ്പാക്കുക. കുട്ടികൾക്കായി പ്രത്യേക കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനും മെഡിക്കൽ ഓഫീസർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സോഷ്യൽ വർക്കർ, നേഴ്സ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനും കമ്മീഷൻ നിർദ്ദേശം നൽകി.

# സംസ്ഥാനതല കർത്തവ്യ വാഹകരുടെ യോഗം




## സജ്ജീകരണങ്ങൾ

**സ്കൂളുകളിലേയ്ക്ക് ആദ്യമായി എത്തുന്നതുൾപ്പെടെയുള്ള കുട്ടികൾക്ക് ഒരുക്കിയിരിക്കുന്ന സജ്ജീകരണങ്ങൾ വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തി.**

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009 മായി ബന്ധപ്പെട്ട് സംസ്ഥാനതല കർത്തവ്യവാഹകരുടെ കൂടിയാലോചന യോഗം സംഘടിപ്പിച്ചു. കോവിഡ് 19 ന് ശേഷം പൂർണതോതിലുള്ള പുതിയ അക്കാദമിക് നടപടിക്രമങ്ങളിലേക്ക് വിദ്യാഭ്യാസ മേഖല മാറിയിരിക്കുന്നു. സ്കൂളുകളിലേയ്ക്ക് ആദ്യമായി എത്തുന്നതുൾപ്പെടെയുള്ള കുട്ടികൾക്ക് ഒരുക്കിയിരിക്കുന്ന സജ്ജീകരണങ്ങൾ വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തി. ഈ സാഹചര്യത്തിലാണ് ആർ.ടി.ഇ. ആക്ടുമായി ബന്ധപ്പെട്ട് സംസ്ഥാനതല കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം 2022 മെയ് 20-ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചത്.








# അധ്യാപകർക്ക് പരിശീലനം നൽകി

സംസ്ഥാന ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ എസ്.സി.ഇ.ആർ.റ്റി, എസ്.എസ്.കെ. എന്നിവരുമായി സഹകരിച്ച് കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങളുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് പരിശീലനം നൽകി. പരിശീലനത്തിന്റെ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കി. ഒന്നാം ഘട്ടം 2022 ഒക്ടോബർ 27,28 തീയതികളിലും രണ്ടാം ഘട്ടം 2023 ജനുവരി 27,28തീയതികളിലുമാണ് സംഘടിപ്പിച്ചത്.



# ബാലാവകാശ സംരക്ഷണ നിയമങ്ങൾ അധ്യാപക പരിശീലന പാഠ്യപദ്ധതിയിൽ

ബാലാവകാശ കമ്മീഷൻ പ്രീ-പ്രൈമറി മുതലുള്ള അധ്യാപക പരിശീലന പാഠ്യപദ്ധതിയിൽ, ബാലാവകാശ സംരക്ഷണ നിയമങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 2023 മെയ് 25ന് തിരുവനന്തപുരത്ത് കൂടിയാലോചനായോഗം സംഘടിപ്പിച്ചു. കേരളത്തിലെ പ്രീ-പ്രൈമറി മുതലുള്ള അധ്യാപക പരിശീലന പാഠ്യപദ്ധതിയിൽ ബാലാവകാശ സംരക്ഷണ നിയമങ്ങൾ ഒരു വിഷയമായി ഉൾപ്പെടുത്തുക, ബാലാവകാശ കമ്മീഷനും കേരളത്തിലെ യൂണിവേഴ്സിറ്റികളുമായി ചേർന്ന് ബാലാവകാശ നിയമങ്ങളുമായി ബന്ധപ്പെട്ട ഡിപ്ലോമാ കോഴ്സ് റെഗുലറായും വിദൂരവിദ്യാഭ്യാസം വഴിയും ആരംഭിക്കുന്നതിനുള്ള സാധ്യതകളും യോഗം ചർച്ച ചെയ്തു. പാഠ്യ പദ്ധതിയിൽ യു.എൻ.സി.ആർ.സി, ഇന്ത്യൻ ഭരണഘടനയും കുട്ടികളുടെ അവകാശങ്ങളും, വിദ്യാഭ്യാസ അവകാശ നിയമം 2009, ഭിന്നശേഷി അവകാശ നിയമം-2016, പോക്സോ ആക്റ്റ് 2012, ജെ.ജെ ആക്റ്റ് (ബാലനീതി നിയമം) 2015 തുടങ്ങിയവയെ അധികരിച്ച പാഠങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ബാലാവകാശ കമ്മീഷൻ മുന്നോട്ടുവച്ച വിഷയം വിവിധ യൂണിവേഴ്സിറ്റികളെ പ്രതിനിധീകരിച്ച് എത്തിയവർ അംഗീകരിക്കുകയും വിശദമായ നിർദ്ദേശങ്ങൾ വി.സിമാർക്ക് നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. യോഗത്തിൽ മഹാത്മാഗാന്ധി, കേരള, കാലിക്കറ്റ്, ഇഗ്നോ, കണ്ണൂർ യൂണിവേഴ്സിറ്റികളിൽനിന്നും ചിന്മയ വിദ്യാപീഠം, എസ്.സി.ആർ.ടി. എന്നിവിടങ്ങളിൽ നിന്നും ചുമതലപ്പെട്ടവർ പങ്കെടുത്തു. ബാലാവകാശ കമ്മീഷനിൽനിന്നും ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ, കമ്മീഷൻ അംഗങ്ങൾ, രജിസ്ട്രാറും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

## നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു

**പാഠ്യ പദ്ധതിയിൽ യു.എൻ.സി.ആർ.സി, ഇന്ത്യൻ ഭരണഘടനയും കുട്ടികളുടെ അവകാശങ്ങളും, വിദ്യാഭ്യാസ അവകാശ നിയമം 2009, ഭിന്നശേഷി അവകാശ നിയമം–2016, പോക്സോ ആക്റ്റ് 2012, ജെ.ജെ ആക്റ്റ് 2015 തുടങ്ങിയവയെ അധികരിച്ച പാഠങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.**



## പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു


**പ്രത്യേകം തയ്യാറാക്കിയ പ്രൊഫോമ പ്രകാരമുള്ള വിവരങ്ങൾ ശേഖരിക്കുകയും അംഗൻവാടികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നു.**





# അങ്കണവാടികൾ മികവിന്റെ കേന്ദ്രം

സംസ്ഥാനത്തെ അങ്കണവാടികളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന്റെ ഭാഗമായി നിലവിലെ ഭൗതീക സാഹചര്യങ്ങളെ കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്. അതിനാൽ വനിതാ-ശിശു വികസന വകുപ്പ് മുഖേന ഓരോ ജില്ലയിലെയും എല്ലാ അംഗൻവാടികളുടെയും വിവരങ്ങൾ ശേഖരിക്കാൻ നിർദ്ദേശം നൽകി. പ്രത്യേകം തയ്യാറാക്കിയ പ്രൊഫോമ പ്രകാരമുള്ള വിവരങ്ങൾ ശേഖരിക്കുകയും അംഗൻവാടികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നു.





# പോക്സോ-സംസ്ഥാനതല കൂടിയാലോചനാ യോഗം

പോക്സോ നിയമനടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം മെച്ചപ്പെടുത്തുന്നതിനും 2020 സെപ്റ്റംബറിൽ സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിച്ചു. ടി യോഗത്തിൽ വനിതാ ശിശു വികസനം, പോലീസ്, ആരോഗ്യം, ആഭ്യന്തരം, സാമൂഹ്യനീതി, പൊതുവിദ്യാഭാസം, കേരള ലീഗൽ സർവീസ് അതോറിറ്റി തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തിയാണ് യോഗം സംഘടിപ്പിച്ചത്. പ്രസ്തുത യോഗത്തിൽ അതിജീവിതയ്ക്ക് ലഭിക്കേണ്ട നിയമസഹായം, പുനരധിവാസം, നഷ്ടപരിഹാരം, കർത്തവ്യവാഹകരുടെ ഇടപെടലുകൾ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുകയും തുടർപ്രവർത്തനങ്ങൾക്കായി റിപ്പോർട്ടും ശുപാർശയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

പോക്സോ നിയമനടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം മെച്ചപ്പെടുത്തുന്നതിനുമായി 14 ജില്ലകളിലെയും കർത്തവ്യവാഹകരുടെ യോഗങ്ങൾ വെബിനാർ മുഖേന 2020 നവംബർ,ഡിസംബർ മാസങ്ങളിൽ സംഘടിപ്പിച്ചു. പോക്സോ കോടതികളിലെ ജഡ്ജിമാർ, പബ്ലിക്ക് പ്രോസിക്യൂട്ടർമാർ, നിയമ സേവന അതോറിറ്റി, വനിതാ ശിശു വികസനം, ആരോഗ്യം, പോലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, വിദ്യാഭ്യാസം, ചൈൽഡ് ലൈൻ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള കർത്തവ്യ വാഹകർ വെബിനാറിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ ഉന്നയിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനായി സംസ്ഥാന ജില്ലാതലത്തിൽ നടത്തിയ കൂടിയാലോചനയുടെ വിശദാംശങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടും ശുപാർശയും സർക്കാരിന് സമർപ്പിച്ചു.



# പോക്സോ ജില്ലാതല നിരീക്ഷണ കമ്മറ്റി

## എസ്‌സി.എസ്.ടി. അതിക്രമങ്ങൾ

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ ഉൾപ്പെട്ട പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ എസ്‌സി.എസ്.ടി. അതിക്രമങ്ങൾക്കെതിരെയുള്ള വകുപ്പുകൾ കൂടി ഉൾപ്പെടുത്തണമെന്ന് ജില്ലാ പോലീസ് മേധാവിയോട് കമ്മീഷൻ നിർദ്ദേശിച്ചു.**




പോക്സോനിയമനടത്തിപ്പുമായിബന്ധപ്പെട്ട്പ്രവർത്തിക്കുന്ന വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിനും ജില്ലാ തലങ്ങളിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനുമായി 2022 ഏപ്രിലിൽ സംസ്ഥാനതല കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു. വനിതാ ശിശു വികസനം, ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം, കേരള നിയമ സേവന അതോറിറ്റി എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയാണ് യോഗം സംഘടിപ്പിച്ചത്. കമ്മീഷന്റെ നിർദ്ദേശപ്രകാരം 11 ജില്ലകളിൽ ജില്ലാതല നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചു. യോഗങ്ങളിൽ പ്രധാനമായും ഉന്നയിച്ച വിഷയങ്ങളിൽ മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ അനുസരിച്ച് അതിജീവിതരുടെ വ്യക്തമായ മെഡിക്കോ ലീഗൽ എവിഡൻസ് റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. കുട്ടികൾക്ക് സ്വകാര്യമായും ഭയരഹിതമായും അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വിദ്യാലയങ്ങളിലും ഡ്രോപ്പ് ബോക്സ് സ്ഥാപിക്കുന്നതിനും ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ, ലൈംഗിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണം നൽകാൻ ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകി.

ജാഗ്രതാ സമിതിയുടെയും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റികളുടെയും ശാക്തീകരണം, ഫോളോഅപ്പ് എന്നിവയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി. വൈദ്യപരിശോധനയ്ക്കായി എത്തുന്ന അതിജീവിതരോട് ബാലസൗഹൃദമായും കുട്ടികളുടെ ഉത്തമതാൽപര്യം സംരക്ഷിക്കുന്ന തരത്തിലും പെരുമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ ഉൾപ്പെട്ട പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ എസ്.സി./എസ്.ടി. അതിക്രമങ്ങൾക്കെതിരെയുള്ള വകുപ്പുകൾ കൂടി ഉൾപ്പെടുത്തണമെന്ന് ജില്ലാ പോലീസ് മേധാവിയോട് കമ്മീഷൻ നിർദ്ദേശിച്ചു.






# പോക്സോ കേസുകളുടെ വിവരശേഖരണവും പ്രൊഫോർമയുടെ ഭേദഗതിയും

## വിവരങ്ങൾ കമ്മീഷൻ ശേഖരിച്ചു വരുന്നു

**പുതിയ പ്രൊഫോർമ പ്രകാരം സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ കേസുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ ശേഖരിച്ചുവരുന്നു.**




പോലീസ് വകുപ്പിൽ നിന്നും കമ്മീഷൻ ശേഖരിച്ചുവരുന്ന പോക്സോ കേസുകളുടെ വിവരങ്ങൾ അടങ്ങിയ പ്രൊഫോർമയിൽ കാലാനുസൃതമായ ഭേദഗതികൾ അനിവാര്യമായിരുന്നു. ഭേദഗതികൾ ചർച്ച ചെയ്യുന്നതിനായി ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രതിനിധികളുടെ സംസ്ഥാനതല യോഗം 2021 നവംബറിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. തുടർന്ന് കമ്മീഷൻ ഭേദഗതി വരുത്തിയ പ്രൊഫോർമ പോലീസ് വകുപ്പിന് കൈമാറി. പുതിയ പ്രൊഫോർമ പ്രകാരം സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ കേസുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ ശേഖരിച്ചുവരുന്നു.



# പോക്സോ കേസുകളുടെ വിവരശേഖരണം




കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിന് സംസ്ഥാന പോലീസുമായി ചേർന്ന് വിവരശേഖരണ സംവിധാനം കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ കേസുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനുള്ള ചുമതല സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയ്ക്കാണ്. 2020 മുതൽ 22 വരെ കമ്മീഷന് ലഭ്യമായ റിപ്പോർട്ടുകളിൽ നിന്ന് 2020 ൽ 3030 കേസുകളും, 2021 ൽ 3322 കേസുകളും, 2022 ൽ 4587 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിലെ പോരായ്മകൾ പരിഹരിക്കുന്നതിന് കമ്മീഷൻ ഇടപെടലുകൾ നടത്തുകയും അവ  പരിഹരിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.




# 2020, 2021, 2022 കാലയളവിൽ റിപ്പോർട്ടു ചെയ്യപ്പെട്ട പോക്സോ കേസുകൾ


2020ൽ 3030 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 3479 അതിജീവിതരാണുള്ളത്. ഇതിൽ 2842 പെൺകുട്ടികളും 415 ആൺകുട്ടികളുമാണ്. കൂടാതെ 222 കേസുകളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. 2021 ൽ 3322 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 3574 അതിജീവിതരാണുള്ളത്. ഇതിൽ 3072 പെൺകുട്ടികളും, 426 ആൺകുട്ടികളുമാണ്. കൂടാതെ 76 പേരുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല., 2022 ൽ സംസ്ഥാനത്ത് 4582 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 4642 അതിജീവിതരാണുള്ളത്. ഇതിൽ 4008 പെൺകുട്ടികളും 578 ആൺകുട്ടികളുമാണ് ഉള്ളത്. എന്നാൽ 56 കേസുകളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**2020 മുതൽ 22 വരെ കമ്മീഷന് ലഭ്യമായ റിപ്പോർട്ടുകളിൽ നിന്ന് 2020 ൽ 3030 കേസുകളും, 2021 ൽ 3322 കേസുകളും, 2022 ൽ 4587 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**




സംസ്ഥാനത്ത് അതിജീവിതരായ കുട്ടികളിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ കമ്മീഷൻ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ടി റിപ്പോർട്ടുകളിൽ കണ്ടെത്തുന്ന ന്യൂനതകൾ യഥാസമയം പരിഹരിക്കുന്നിനുവേണ്ട നിർദ്ദേശങ്ങൾ കമ്മീഷൻ നൽകുകയും ചെയ്തു.

### ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള (ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ) അതിജീവിതരുടെ വിവരം




2020 ൽ 1551 അതിജീവിതരായ കുട്ടികളും, 2021 ൽ 1589 കുട്ടികളും, 2022 ൽ 2400 കുട്ടികളും ശ്രദ്ധയും സംരക്ഷണവും ആവശ്യമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെട്ടതായി കണക്കുകൾ വ്യക്തമാക്കുന്നു.



# ആശ്വാസനിധി

ആശ്വാസനിധി പദ്ധതിയുടെ ആനുകൂല്യം അതിജീവിതർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് 2020 സെപ്റ്റംബറിൽ സംസ്ഥാനതല വെബിനാർ സംഘടിപ്പിച്ചു.

എല്ലാ ജില്ലകളിലെയും ശിശു സംരക്ഷണ ഓഫീസർമാർ, സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസറുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ, ലീഗൽ കം പ്രൊബേഷൻ ഓഫീസർമാർ, സോഷ്യൽ വർക്കേഴ്സ്, നിർഭയാ സെൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവർ വെബിനാറിൽ പങ്കെടുത്തു. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ടും ശുപാർശയും സമർപ്പിച്ചു.

**ആനുകൂല്യം ലഭ്യമാക്കിയത് (2020)**

| രജിസ്റ്റർ ചെയ്ത കേസുകൾ | അപേക്ഷകൾ | അനുവദിച്ച തുക | ആനുകൂല്യം നൽകിയത് |
|---|---|---|---|
| ഗൗരവതര പ്രവേശിത ലൈംഗികാതിക്രമം | 39 | 2765000 | 31 |
| പ്രവേശിത ലൈംഗികാതിക്രമം | 18 | 1175000 | 16 |
| ലൈംഗിക അതിക്രമം | 16 | 845000 | 12 |
| ഗൗരവതരമായ ലൈംഗിക അതിക്രമം | 11 | 500000 | 8 |
| ബലാത്സംഗം/കൂട്ടബലാത്സംഗം/പ്രകൃതിവിരുദ്ധ ലൈംഗിക കുറ്റകൃത്യങ്ങൾ | 12 | 875000 | 12 |
| ജീവഹാനി/ജീവനഷ്ടം | 0 | 0 | 0 |
| കുട്ടിക്കടത്തിൽ നിന്നും രക്ഷപ്പെട്ടവർ | 0 | 0 | 0 |
| ആസിഡ് ആക്രമണത്തിന് ഇരയായവർ | 0 | 0 | 0 |
| ഗർഭിണിയാക്കുക (മുകളിൽ പറഞ്ഞ 1, 2 നും പുറമേ) | 9 | 600000 | 6 |
| ശാരീരത്തിലെ അവയവമോ/ഒരു ഭാഗമോ നഷ്ടപ്പെടുക | 0 | 0 | 0 |
| ഗർഭഛിദ്രം/ഭ്രൂണഹത്യ സംഭവിക്കുക, ആക്രമണത്തിന്റെ ഫലമോ, അല്ലെങ്കിൽ ഗർഭമലസൽ സംഭവിക്കൽ | 3 | 200000 | 2 |
| അതിജീവിതയ്ക്ക് പൊള്ളൽ സംഭവിക്കുക | 0 | 0 | 0 |
| ആകെ | 108 | 6960000 | 87 |

***കുട്ടികൾക്കെതിരെയുള്ള പോക്സോ, മറ്റ് അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾക്കാണ് ആശ്വാസനിധി പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്.***

# വനിതാ-ശിശു സംരക്ഷണ സ്ഥാപന അധികാരികളുടെ യോഗം

വനിതാ-ശിശു വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നിർഭയാ സെല്ലിന്റെ കീഴിൽ, ലൈംഗികാതിക്ര മത്തെ അതിജീവിച്ച കുട്ടികൾക്കായി എൻട്രിഹോമുകളും, മോഡൽ ഹോമുകളും, എസ്.ഒ.എസ് ഹോമുകളും പ്രവർത്തിച്ചുവരുന്നു. ഈ കുട്ടികളുടെ സംരക്ഷണം ഉറപ്പ് വരുത്തികൊണ്ട് നിയമനടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും കുട്ടികളെ പുനരധിവസിപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാര യിലെത്തിക്കുന്നതിനുമായി 2022 ഫെബ്രുവരി മാസം വനിതാ-ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ഹോം മാനേജർമാരു മായി കമ്മീഷൻ കൂടിയാലോചനായോഗം സംഘടിപ്പിക്കുകയും റിപ്പോർട്ടും ശുപാർശയും സർക്കാരിന് സമർപ്പിക്കുകയുമു ണ്ടായി.





# പ്രതികൂല സാഹചര്യങ്ങൾ നേരിടാൻ കുട്ടികൾക്ക് പരിശീലനം

സമൂഹത്തിൽ കുട്ടികൾ ലിംഗഭേദമില്ലാതെ പലവിധ ചൂഷണങ്ങൾക്കും വിധേയരാകുന്ന തായി കമ്മീഷൻ വിലയിരുത്തുന്നു. ഇതിന്റെ വെളിച്ചത്തിൽ പ്രതികൂല സാഹചര്യങ്ങളെ യുക്തിപരമായി സമീപിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടി എല്ലാ സ്കൂളുകളിലും നടത്തുന്നതിന്റെ മുന്നോടിയായി 2022 സെപ്റ്റംബറിൽ സംസ്ഥാന തല കൂടിയാലോചനായോഗം സംഘടിപ്പിച്ചു. പോലീസ്,വിദ്യാഭ്യാസ വകുപ്പുകൾ ടി യോഗത്തിൽ പങ്കെടുത്തു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഇതുമായി ബന്ധപ്പെട്ട് പരിശീലനങ്ങൾ സംഘടിപ്പിക്കാൻ കമ്മീഷൻ നിർദ്ദേശം നൽകി.



# ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും ഏകദിന പരിശീലനം




പോക്സോ നിയമ നടപടികളുമായി ബന്ധപ്പെട്ട കുട്ടികളുടെ വൈദ്യപരിശോധന, കേസിന്റെ വിചാരണ എന്നീ നടപടിക്രമങ്ങൾ ബാലസൗഹൃദപരമായ രീതിയിൽ എങ്ങനെ നിർവ്വഹിക്കണം എന്നത് സംബന്ധിച്ച് ആരോഗ്യ-നിയമ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് പരിശീലനം ആവശ്യമുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. അതിനാൽ പോക്സോ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും 2023 മാർച്ച് 25ന് എറണാകുളത്തുവെച്ച് ഏകദിന പരിശീലനം നൽകി. 45 സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരും 89 ഡോക്ടർമാരുമാണ് കമ്മീഷന്റെ ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുത്തത്. മെഡിക്കോ-ലീഗൽ പ്രോട്ടോകോൾ, പോക്സോ ആക്ട് 2012, ഇന്ത്യൻ എവിഡൻസ് ആക്ട് 1872 എന്നീ വിഷയങ്ങൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നു. പോക്സോ കേസുകളിലെ അതിജീവിതരായ കുട്ടികളുടെ വൈദ്യപരിശോധന സമയത്തും വിചാരണ വേളയിലും ഇവർ സ്വീകിരക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് പ്രത്യേക പരിശീലനവും ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ നൽകി.



# 30000 കൈപ്പുസ്തകം വിതരണം ചെയ്തു




2012-ലെ പോക്സോ ആക്റ്റ്, 2020-ലെ ചട്ടം എന്നിവയെ ആസ്പദമാക്കി പോക്സോ നിയമം നടപ്പിലാക്കുന്ന വിവിധ വകുപ്പുകളിലെ കർത്തവ്യവാഹകർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തി 30000 കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തു.



# 2020-23 പ്രധാന ഉത്തരവുകൾ

| കേസ് നം. | വിഷയം | നടപടി വിവരം |
|---|---|---|
| സി.ആർ.എം.പി. നം. 3301/01-സി/സി1/2020 | കോവിഡ്19-ഫീസ് വർദ്ധന-കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടി | സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. |
| സി.ആർ.എം.പി.നം. 3044/01-സി/സി1/2020, 3848/01-സി/സി1/2020 & 2883/01-സി/സി1/2020 | ഓൺലൈൻക്ലാസ്സ്-ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച പരാതി. | നടപടി സ്വീകരിക്കാൻ സർക്കാരിന് ശുപാർശ നൽകി. |
| സി.ആർ.എം.പി. നം. 3013/01-സി/സി1/2020 | കോവിഡ് 19- കുട്ടികളെ ബാലഭവനിലേക്ക് പുന: പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഹർജി | പ്രവേശനത്തിന് നടപടി സ്വീകരിച്ചു |
| സി.ആർ.എം.പി.നം. 1177/01-സി/സി1/2021 | ഓൺലൈൻ ക്ലാസ്സുകളിൽ യൂണിഫോം നിർബന്ധമാക്കരുത് എന്നപരാതി | നടപടി സ്വീകരിക്കാൻ സർക്കാരിന് ശുപാർശ നൽകി |
| സി.ആർ.എം.പി. നം. 5467/01-സി/സി1/2020 | ഐറ്റി. കമ്പനികൾ ചെറിയ കുട്ടികളുടെ അമ്മമാരെ വിദേശത്ത് ജോലികൾക്കയക്കുന്നത് തടയണമെന്ന പരാതി | എല്ലാ ഐ.റ്റി കമ്പനികൾക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു |
| സി.ആർ.എം.പി. നം. 8970/01-ആർ/സി1/2020 | സ്കൂൾ ഫീസ് അടക്കാത്തതിനെ തുടർന്ന് കുട്ടിയെ വാഹനത്തിൽ നിന്ന് ഇറക്കി വിട്ടതിനെതിരായ പരാതി | ഫീസ് കുടിശികയുമായി ബന്ധപ്പെട്ട് കുട്ടികളോട് വിവേചനം പാടില്ലെന്ന് സർക്കുലർ ഇറക്കി. |
| സി.ആർ.എം.പി.നം. 5197/01-ആർ/സി1/2019 | മതപഠനശാലയിൽ പെൺകുട്ടികളെ കൊണ്ട് പണിയെടുപ്പിക്കുകയും തടവറ സമാനമായ അന്തരീക്ഷത്തിൽ പാർപ്പിക്കുകയും ചെയ്യുന്നു | നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 3099/01-ആർ/സി1/2020 | വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കും ഓൺലൈൻ പഠനത്തിന് അവസരം ഒരുക്കണമെന്ന പരാതി | കമ്മീഷൻ ശുപാർശ- സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു |
| സി.ആർ.എം.പി. നം. 3142/01-ആർ/സി1/2020 | മുഴുവൻ കുട്ടികൾക്കുമായി ഒരു ഓൺലൈൻ ക്ലാസ് എന്ന രീതി ഒഴിവാക്കി ഡിവിഷൻ അടിസ്ഥാനത്തിൽ നടത്തണമെന്ന ആവശ്യം | ഉത്തരവു പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 3100/07/എൽ.എ.1/2020 | ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്കുൾപ്പെടെ ഉച്ചഭക്ഷണത്തിനുള്ള ധാന്യങ്ങൾ നൽകുന്നില്ലെന്നും മറ്റുമുള്ള ഹിന്ദു ദിനപ്ത്രത്തിലെ വാർത്ത- കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടി | അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നത് വരെ ഉച്ചഭക്ഷണത്തിനുള്ള ധാന്യങ്ങൾ ഉചിതമായ മാർഗ്ഗത്തിലൂടെ വീടുകളിൽ എത്തിക്കുന്നതിന് കമ്മീഷൻ ശുപാർശ- സർക്കാർ ഉത്തരവ് നൽകി |
| സി.ആർ.എം.പി. നം. 4094/07/എൽ.എ.1/2021 | കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ചിത്രങ്ങൾ എടുത്ത് പരസ്യപ്പെടുത്തുന്നു- പരാതി | ഫോട്ടോകൾ പത്രമാധ്യമങ്ങളിലോ, സാമൂഹ്യ മാധ്യമങ്ങളിലോ പ്രസിദ്ധപ്പെടുത്തരുതെന്നു സർക്കാർ ഉത്തരവ് |
| സി.ആർ.എം.പി.നം. 4351/07/എൽ.എ.1/2020 | 'സ്കോൾ' കേരള അരലക്ഷത്തോളം പേർ ഓൺലൈൻ ക്ലാസ്സിന് പുറത്ത് എന്ന മാതൃഭൂമി വാർത്ത സംബന്ധിച്ച പരാതി | കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ച് സർക്കാർ ആവക്യമായ നടപടി സ്വീകരിച്ചു |



| | | |
|---|---|---|
| സി.ആർ.എം.പി. നം. 2171/07/എൽ.എ.1/2021 | സംസ്ഥാന അന്തർ ജില്ലാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്- പരീക്ഷാ കാലം കഴിഞ്ഞ് നടത്താൻ നിർദ്ദേശം നൽകണമെന്ന പരാതി. | സർക്കാരിന്റെതുൾപ്പെടെ യാതൊരു സംഘടനകളും പരീക്ഷാ കാലയളവിൽ കായിക മത്സരങ്ങൾ നടത്തരുതെന്ന് കമ്മീഷൻ നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 7420/05/എൽ.എ.1/2020 | കോട്ടയം - ബാലസദനത്തിലെ നാല് പെൺകുട്ടികളെ കാണാതായതുമായി ബന്ധപ്പെട്ട പരാതി | കുട്ടികളെ കണ്ടെത്തി എന്ന റിപ്പോർട്ടു ലഭിച്ചു. |
| സി.ആർ.എം.പി.നം. 6783/02/എൽ.എ.1/2020 | വാനിടിച്ച് 3 പെൺകുട്ടികൾ മരിച്ചുവെന്ന മലയാള മനോരമയിലെ വാർത്ത- സ്വമേധയാ നടപടി | റോഡപകടങ്ങൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാൻ സർക്കാരിന് നിർദ്ദേശം നൽകി |
| സി.ആർ.എം.പി.നം. 9227/02/എൽ.എ.1/2019 | പ്ലസ് ടു പരീക്ഷാ ഫലത്തിൽ ഉണ്ടായ തെറ്റ് തിരുത്തുന്നതിന്- പരാതി | സർക്കാർ നടപടി സ്വീകരിച്ചു |
| സി.ആർ.എം.പി.നം. 139/02/എൽ.എ.1/2020, 5748/02/എൽ.എ.1/2020, 1028/03/എൽ.എ.1/2020, 813/02/എൽ.എ.1/2021 | അംഗീകാരമില്ലാത്ത സ്കൂളുകളെ സംബന്ധിച്ച് | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചു പൂട്ടണമെന്നും അംഗീകാരമുള്ള സ്കൂളുകളുടെ പട്ടിക പ്രദർശിപ്പിക്കണമെന്നും കമ്മീഷൻ ഉത്തരവിട്ടു |
| സി.ആർ.എം.പി.നം. 6139/04/സി.2/2020 | തൈക്കാട്ടുശ്ശേരി ഗവ. എ.യു.പി. സ്കൂളിന്റെ 50 മീറ്റർ ചുറ്റളവിലായി പെട്രോൾ പമ്പ് നിർമ്മാണം - പരാതി | കമ്മീഷൻ ശുപാർശയെ തുടർന്ന് സർക്കാർ നടപടി സ്വീകരിച്ചു. |
| സി.ആർ.എം.പി.നം. 6321/04/സി2/2020 | കോവിഡ് 19- കേരളത്തിൽ തിരിച്ചെത്തുന്ന കുട്ടികൾക്ക് സെന്റർ മാറ്റം അനുവദിച്ച് പരീക്ഷ എഴുതാനുള്ള അനുമതിക്കായുള്ള പരാതി. | പരീക്ഷ കേന്ദ്രമാറ്റത്തിനായി നൽകുന്ന അപേക്ഷയിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കാൻ കമ്മീഷൻ ഉത്തരവായി |
| സി.ആർ.എം.പി.നം. 8969/09/സി2/2019, 811/09/സി2/2019 | പാലക്കാട് കാഞ്ഞിരപ്പുഴ പൂഞ്ചോല ജി.എൽ.പി സ്കൂൾ കെട്ടിടത്തിന്റെ ജീർണത- സുരക്ഷിതമായി പഠനം നടത്തുന്നതിന് പുതിയ കെട്ടിടം അനുവദിക്കണം-പരാതി | നിലവിലെ കെട്ടിടം പൊളിച്ച് മാറ്റി പുതിയത് നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു |
| സി.ആർ.എം.പി.നം. 8781/10/സി2/2019 | 1085 പെൺകുട്ടികൾ പഠിക്കുന്ന വണ്ടൂർ ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് ആവശ്യമായ കെട്ടിടം, ലാബ്, ടോയ്‌ലറ്റ്, ലൈബ്രറി എന്നിവ ഇല്ല. കുടിവെള്ളത്തിന് പ്രയാസം നേരിടുന്നു | കമ്മീഷൻ ശുപാർശ അംഗീകരിച്ച് സർക്കാർ നടപടി സ്വീകരിച്ചു |
| സി.ആർ.എം.പി.നം. 4098/10/സി2/2020 | ഹയർസെക്കണ്ടറി പഠനത്തിന് അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായ പഠന സൗകര്യങ്ങൾ ഇല്ല. പഠനത്തിന് സൗകര്യമായ രീതിയിൽ കോഴ്സുകളും ബാച്ചുകളും അനുവദിക്കുകയും സീറ്റ് വർദ്ധിപ്പിക്കുകയും ചെയ്യണമെന്ന പരാതി | കമ്മീഷന്റെ ശുപാർശയിൻമേൽ സർക്കാർ നടപടി സ്വീകരിച്ചു |
| സി.ആർ.എം.പി.നം. 7621/13/എൽ.എ2/2019 | എസ്.ടി. വിഭാഗം യു.പി. സ്കൂൾ വിദ്യാർത്ഥികൾക്കും ഐ.റ്റി.ഡി.പിയിൽനിന്നും യൂണിഫോം നൽകുന്നില്ല. ജനനസർട്ടിഫിക്കറ്റ്, ഭക്ഷണശാല, ബസ് റൂട്ട് എന്നിവ സംബന്ധിച്ച പരാതി | കമ്മീഷൻ ഉത്തരവിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു |

| | | |
|---|---|---|
| സി.ആർ.എം.പി.നം. 4673/08/എൽ.എ2/2020, 5169/08/എൽ.എ2/2020 | വിദ്യാർത്ഥി ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുമ്പോൾ ടി കുട്ടിയുടെ അതേ ഐ.ഡിയിൽ മറ്റാരോ കയറി വൃത്തികെട്ട രീതിയിൽ അഭിപ്രായങ്ങൾ പറയുന്നതായും, മറ്റുമുള്ള പരാതികൾ | കമ്മീഷൻ ഉത്തരവിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു |
| സി.ആർ.എം.പി.നം. 8879/11/എൽ.എ2/2019 | വാഹനങ്ങളിൽ അനുവദിച്ചതിലധികം കുട്ടികളും മുതിർന്നവരെയും കയറ്റുന്നു. പഠനയാത്രയിൽ അഭ്യാസ പ്രകടനം, പടക്കം പൊട്ടിക്കൽ എന്നിവ നടത്തുന്നു | കമ്മീഷൻ ഉത്തരവിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു |
| സി.ആർ.എം.പി.നം. 5377/14/എൽ.എ2/2019 | കാസറഗോഡ് നെരോടി പുഴയ്ക്ക് കുറുകെ കാവുങ്ങിന്റെ പാലത്തിലൂടെ പിഞ്ചു കുഞ്ഞുങ്ങളും സ്ത്രീകളും സഞ്ചരിക്കുന്നത് ജീവൻ പണയം വച്ചാണെന്നും പരിഹാരമായി പാലം നിർമ്മിക്കണമെന്നും-പരാതി. | പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു |
| സി.ആർ.എം.പി. നം. 6104/06/സി.1/2020/ കെ.ഇ.എസ്.സി.പി.സി.ആർ. & സി.ആർ.എം.പി. നം. 6102/06/സി.1/2020/ കെ.ഇ.എസ്.സി.പി.സി.ആർ. | ഇടുക്കി ഉപ്പുതുറ പഞ്ചായത്തിൽ അനധികൃത ശ്മശാനങ്ങൾ -കുടിവെള്ളം മലിനമാകുന്നത് തടയണമെന്ന പരാതി | ജില്ലാ കളക്ടർക്കും പഞ്ചായത്ത് സെക്രട്ടറിക്കും നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 4783/07/എൽ.എ.1/2020/ കെ.ഇ.എസ്.സി.പി.സി.ആർ. & 55 others | കോവിഡ് 19 ഫീസ് നൽകാത്ത കുട്ടികളെ സ്കൂളിൽ നിന്നും ഡീബാർ ചെയ്യുന്നതും റ്റി.സി. നൽകാതിരിക്കുന്നതും-പരാതി | നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിക്കും പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കും ഡയറക്ടർക്കും നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 9589/11/ എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. & സി.ആർ.എം.പി. നം. 11285/13/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | ഒന്നാം വർഷ ഹയർ സെക്കണ്ടറി ഇംപ്രൂവ്മെന്റ് പരീക്ഷ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പരാതി | നടപടി സ്വീകരിക്കാൻ സർക്കാരിന് ശുപാർശ നൽകി |
| സി.ആർ.എം.പി. നം. 397/06/ സി.1/2022/ കെ.ഇ.എസ്.സി.പി.സി.ആർ. | സ്കൂൾ കുട്ടികൾക്ക് സ്വകാര്യ ബസ് നിർത്തിക്കൊടുക്കുന്നില്ല, ഇരുന്ന് യാത്ര ചെയ്യാൻ അനുവദിക്കുന്നില്ല | നടപടി സ്വീകരിക്കാൻ പോലീസ് മേധാവിക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 9617/10/ സി.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | ഊർങ്ങാട്ടിരി ചെക്കുത്ത്മല - മയിലാടി ആദിവാസി കോളനിയിലെ പ്രശ്നങ്ങൾ -പരാതി | നടപടി സ്വീകരിക്കാൻ സർക്കാരിന് ശുപാർശ നൽകി |
| സി.ആർ.എം.പി. നം. 1300/09/സി.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. & സി.ആർ.എം.പി. നം. 10026/13/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. ാർശ നൽകി | അന്ധവിശ്വാസവും ആഭിചാരവും മൂലം കുട്ടികൾ കൊല്ലപ്പെട്ടത് സംബന്ധിച്ചുള്ള പത്രവാർത്തകൾ- കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടി | നിയമ നടപടി സ്വീകരിക്കാൻ സർക്കാരിന് ശുപ |
| സി.ആർ.എം.പി. നം. 5392/04/സി.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | മാതാപിതാക്കൾ അകന്നു കഴിയുന്ന കുട്ടിക്ക് ജാതി സർട്ടിഫിക്കറ്റ് -പിതാവിന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ കോപ്പി ലഭിക്കുന്നില്ല | എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ് കുട്ടിക്ക് നൽകാൻ ഉത്തരവ് നൽകി |
| സി.ആർ.എം.പി. നം. 7893/04/സി.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | കുട്ടികളുടെ സൈക്കിൾ സവാരിമൂലം ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച പത്രവാർത്ത- കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടി | സൈക്കിൾ ട്രാക്ക് സ്ഥാപിക്കാനും പോലീസ് മൊബൈൽ പട്രോളിങിനും സർക്കാരിന് ശുപാർശ നൽകി |
| സി.ആർ.എം.പി. നം. 9802/04/സി.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | കുട്ടികളുടെ മുങ്ങിമരണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നീന്തൽ പരിശീലനം നൽകണം | ഉപയോഗ്യശൂന്യമായ പൊതു കിണറുകൾ നികത്താനും കുളങ്ങളും മറ്റും സുരക്ഷിതമാക്കാനും നീന്തൽ പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും സർക്കാരിന് ശുപാർശ നൽകി |
| സി.ആർ.എം.പി. നം. 3181/13/ എൽ.എ.2/2020/ കെ.ഇ.എസ്.സി.പി.സി.ആർ. | കണ്ണൂർ തളിപ്പറമ്പിലെ സി.ബി.എസ്.ഇ. ചിന്മയ വിദ്യാലയത്തിൽ പി.ടി.എ. ഇല്ല -പരാതി | എല്ലാ സി.ബി.എസ്.ഇ. സ്കൂളുകളിലും പി.ടി.എ. രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകി. |
| സി.ആർ.എം.പി.നം. 7536/13/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | ഡിവൈൻ ചിൽഡ്രൻസ് ഹോമുമായി ബന്ധപ്പെട്ട പരാതി | ഹോമുകൾക്ക് രജിസ്ട്രേഷനും ആവശ്യമായ ഭൗതീക സൗകര്യങ്ങളും, മനുഷ്യവിഭവങ്ങളും ഉറപ്പ് വരുത്താൻ ഉത്തരവ് നൽകി |
| സി.ആർ.എം.പി. നം. 7498/01-ആർ/സി1/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | സൈബർ കുറ്റവാളികൾ ഓൺലൈൻ ക്ലാസ്സുകൾ തടസ്സപ്പെടുത്തുന്നതായും മറ്റുമുള്ള പരാതികൾ | കർശന നടപടിക്ക് നിർദ്ദേശം നൽകി. |
| സി.ആർ.എം.പി. നം. 4624/11/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | കോഴിക്കോട് കേളാട്ടുകുന്ന് കോളനിയിലെ കുട്ടികളുടെ ദുരിത ജീവിതം- കമ്മീഷൻ സ്വമേധയാ സ്വീകിച്ച നടപടി | കുട്ടികൾക്ക് വഴി നടക്കുന്നതിനും ശൗചാലയം, കുടിവെള്ളം, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ ഉറപ്പു വരുത്താൻ നിർദ്ദേശം നൽക. |
| സി.ആർ.എം.പി. നം. 9616/11/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | കുന്ദമംഗലം എ.യു.പി. സ്കൂളിലെ മാലിന്യം- പത്രവാർത്തയിന്മേൽ സ്വമേധയാ സ്വീകരിച്ച നടപടി | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ്- വിശദമായ മാർഗ്ഗരേഖ തയ്യാറാക്കാനും അവ പാലിച്ചാൽ മാത്രം ഫിറ്റ്നസ് നൽകാനും നിർദ്ദേശിച്ചു |
| സി.ആർ.എം.പി. നം. 986/11/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോമിൽ നിന്ന് 6 കുട്ടികളെ കാണാതായതിൽ കമ്മീഷൻ സ്വമേധയാ എടുത്ത നടപടി | ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ ചുറ്റുമതിൽ, സി.സി.റ്റി.വി, സെക്യൂരിറ്റി, കുട്ടികൾക്ക് ബോധവത്കരണം, വൈദ്യപരിശോധന തുടങ്ങിയവ ഉറപ്പാക്കാൻ നിർദ്ദേശിച്ചു |
| സി.ആർ.എം.പി. നം. 10466/13/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. & 10605/13/ എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | കരിവെള്ളൂർ പാട്ടിയമ്മ എ.യു.പി. സ്കൂളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സംവിധാനം ഇല്ലാത്തതും ചുറ്റുമതിൽ ഇല്ലാത്തതും സംബന്ധിച്ച പരാതി | സ്കൂളിൽ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകൾ, യൂറിനലുകൾ സ്ഥാപിക്കാനും ചുറ്റുമതിൽ നിർമ്മിക്കാനും നിർദ്ദേശിച്ചു. |
| സി.ആർ.എം.പി. നം. 7614/13/എൽ.എ.2/2019/ കെ.ഇ.എസ്.സി.പി.സി.ആർ. | ചന്ദനക്കാംപാറ ചെറുപുഷ്പ യു.പി. സ്കൂളിൽ കമ്പ്യൂട്ടറുകളുടെയും ടോയ്‌ലറ്റിന്റെയും കുറവ്- പരാതി | ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 7772/13/എൽ.എ.2/2021/ കെ.ഇ.എസ്.സി.പി.സി.ആർ. | ആറളം ഫാമിൽ വിദ്യാഭ്യാസ- ആരോഗ്യ വിഷയങ്ങൾ മാധ്യമ വാർത്ത കമ്മീഷൻ സ്വമേധയാ കേസെടുത്തു | സ്കൂൾ ക്ലാസുകൾക്ക് ആനുപാതികമായി അധ്യാപകരെ നിയമിക്കാനും യാത്രാ സൗകര്യം ഒരുക്കാനും നിർദ്ദേശിച്ചു |
| സി.ആർ.എം.പി. നം 397/06/ഇ1/2022 | കുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനുള്ള ബസ്, സ്റ്റോപ്പിൽ നിറുത്താതെ പോകുന്നത് സംബന്ധിച്ച് | സ്വകാര്യ സ്റ്റേജ് കാരേജ് ബസ്സുകൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകി |

| | | |
|---|---|---|
| സി.ആർ.എം.പി. നം 5166/14/ഘഅ2/2021, 1539/14/ഘഅ2/2022 | ഗവൺമെന്റ് യു.പി. സ്കൂളിൽ സ്ഥിരം അധ്യാപകർ ഇല്ലാത്തത് സംബന്ധിച്ച പരാതി | ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം 12047/01ഇ/ഇ1/2021 | പാഠപുസ്തകങ്ങളിൽ പുരുഷാധിപത്യ മൂല്യങ്ങൾ കുട്ടികൾക്ക് പകർന്നുകൊടുക്കുന്നു എന്നത് സംബന്ധിച്ച് | പാഠപുസ്തകങ്ങളിലെ ആശയാവതരണത്തിലും ചിത്രീകരണത്തിലും ലിംഗ തുല്യത ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം 5024, 5351, 5843,6573/06/ഇ1/2020, 4746, 5628, 5636, 9216,11454/02/LA1/2021, 7903/06/C1/2021 | കേരളത്തിലെ ഹയർ സെക്കണ്ടറി പ്രവേശനത്തിന് 'അതേ സ്കൂളിലെ വിദ്യാർഥികൾ' എന്ന തരത്തിൽ നൽകിവരുന്ന ബോണസ് പോയന്റ് | ഹയർ സെക്കന്ററി പ്രവേശനത്തിന് അതേ സ്കൂളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന ബോണസ് പോയിന്റ് ഒഴിവാക്കാൻ നിർദ്ദേശിച്ചു |
| സി.ആർ.എം.പി. നം 5004/02/LA1/2021 | സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ കോ-എഡ്യുക്കേഷൻ സംബന്ധിച്ച പരാതി | ആൺ സ്കൂൾ -പെൺ സ്കൂൾ എന്നിവ നിർത്തലാക്കുന്നതിന് സർക്കാരിന് ശുപാർശ നൽകി |
| സി.ആർ.എം.പി. നം 592/09/C2/2022 | അധ്യാപകരെ സർ/മാഡം എന്നീ ലിംഗ വിവേചന അഭിസംബോധന പാടില്ല എന്നത് സംബന്ധിച്ച് | അധ്യാപകരെ ജൻഡർ വ്യത്യാസമില്ലാതെ ടീച്ചർ എന്ന് അഭിസംബോധന ചെയ്യാൻ നിർദ്ദേശിച്ചു |
| സി.ആർ.എം.പി. നം 11923/04/ഇ2/2021 | 1986 ലെ Child Adolescent Labour Act -ൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നടപടി ആവശ്യം | ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം 12377/03/LA1/2022 | ശബരിമല അയ്യപ്പൻ ക്ഷേത്രത്തിൽ ദർശനത്തിനായി കുട്ടികൾക്ക് പ്രത്യേക ക്യൂ ഏർപ്പെടുത്തുന്നതിന് | തിരുവിതാംകൂർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം 3686/11/LA2/2020 | കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് ടി.വി. നൽകുന്നതുമായി ബന്ധപ്പെട്ട, കുട്ടിയുടെ ഫോട്ടോ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച് | 18 വയസ്സിന് താഴെയുള്ള കുട്ടികൾ സഹായങ്ങൾ സ്വീകരിക്കുന്ന ചിത്രങ്ങൾ പ്രചരിപ്പിക്കുന്നത് വിലക്കികൊണ്ട് ഉത്തരവ് നൽകി |
| സി.ആർ.എം.പി. നം 10710/11/LA2/2022 | സ്കൂൾ കുട്ടിയുടെ ബാഗിൽ കണ്ടെത്തിയ ഫോൺ പ്രിൻസിപ്പാൾ പിടിച്ചെടുത്തത് സംബന്ധിച്ച് | കുട്ടികൾ ഫോൺ കൊണ്ടു വരുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ടതായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു |
| സി.ആർ.എം.പി. നം 2610/02/LA1/2022 | പോക്സോ കേസുമായി ബന്ധപ്പെട്ട് സാമ്പിളുകൾ ശേഖരിക്കുന്നതിൽ കാലതാമസം വന്നത് സംബന്ധിച്ച് | കാലതാമസം വരുത്തരുതെന്നും അതിന് കാരണമാകുന്നവർക്കെതിരേ കർശന നടപടിക്കും നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം 2689, 2635, 2690/01C/C1/2023 | സംസ്ഥാനത്തെ എൽ.പി., യു.പി സ്കൂളിലെ വാർഷിക പരീക്ഷയുടെ സമയം ഉച്ചയ്ക്ക് ശേഷം ആക്കുന്നതിൽ കുട്ടികൾക്കുണ്ടാകാവുന്ന ആരോഗ്യ പ്രശ്നം സംബന്ധിച്ച് | ഒന്നുമുതൽ ഏഴ് വരെയുള്ള കുട്ടികൾക്ക് രാവിലെ തന്നെ പരീക്ഷ എഴുതിക്കാനുള്ള നടപടികൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം 1612/10/ഇ2/2023 | ചാരിറ്റബിൾ ബോർഡിംഗ് ഹോമിന്റെ റേഷൻകാർഡ് പെർമിറ്റ് പുതുക്കാത്തത് സംബന്ധിച്ച് | സംസ്ഥാനത്തെ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ മുഴുവൻ കുട്ടികൾക്കും റേഷൻ ഉറപ്പാക്കാൻ നിർദ്ദേശം നൽകി |
| സി.ആർ.എം.പി. നം. 2542, 2814, 2823/10/ഇ2/2023 | 2023 ഏപ്രിലിൽ LSS, USS പരീക്ഷ നടക്കുന്നതിനാൽ വേനലവധി ആസ്വദിക്കാൻ കഴിയുന്നില്ല എന്ന പരാതി | ഏപ്രിൽ മാസത്തെ ക്ലാസ് നിരോധിച്ചു കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി |











## കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഘടന



**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2020–2023**
 റ്റി. സി 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം 695 034
ഫോൺ: 0471 2326603 ഇ–മെയിൽ: **childrights.cpcr@kerala.gov.in**
വെബ്സൈറ്റ്: **www.kescpcr.kerala.gov.in**

Published by the Secretary, Kerala State Commission for Protection of Child Rights
Printed at Akshara Offset, Thiruvananthapuram
July 2023

digiCROW Designs
rash8075559859@gmail.com